# മലയാളം

# അടിസ്ഥാനപാഠാവലി

## സ്റ്റാൻഡേർഡ് VII


കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

ST-239-1-MALAYALAM (BT)-7

# ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

# പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by :

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT, First Edition : 2024
Printed at : KBPS, Kakkanad, Kochi-30

© Department of General Education, Government of Kerala

പ്രിയ വിദ്യാർഥികളേ,

മാതൃഭാഷയാണ് ഓരോ ജനതയുടെയും സംസ്കാരത്തെ നിർണ്ണയിക്കുന്നത്. അതിലൂടെ ഏത് വിജ്ഞാനവും ആർജിക്കാനും വിനിമയം ചെയ്യാനും സാധ്യമാണ്. ദേശീയതലത്തിൽ ശ്രേഷ്ഠഭാഷയായി അംഗീകാരം നേടിയ മലയാളമാണല്ലോ നമ്മുടെ മാതൃഭാഷ. കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ട് വളരുന്ന മലയാളഭാഷയിലെ സാഹിത്യ- വൈജ്ഞാനിക വ്യവഹാരരൂപങ്ങളും പഠനപ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന പുസ്തകമാണിത്. പഠനലക്ഷ്യങ്ങൾ ആർജിക്കാൻ സഹായകമായ വിധത്തിൽ പാഠങ്ങൾ തിരഞ്ഞെടുത്ത് രൂപപ്പെടുത്തിയിരിക്കുന്ന ഈ പുസ്തകം കൂട്ടുകാർക്ക് ഏറെ ഇഷ്ടമാകും.

മാതൃഭാഷയുടെ വൈവിധ്യമാർന്ന സൗന്ദര്യതലങ്ങൾ കണ്ടറിഞ്ഞ് രസകരമായ പഠനപ്രവർത്തനങ്ങളിലൂടെ ഭാഷാശേഷികൾ നേടാൻ ഇത് നിങ്ങളെ സഹായിക്കും. വായിച്ചും ചിന്തിച്ചും കഥപറഞ്ഞും കവിത ചൊല്ലിയും പഠനം ആഹ്ലാദകരമാക്കുന്നതിന് ഈ പുസ്തകം നിങ്ങൾക്കായി സ്നേഹപൂർവം അവതരിപ്പിക്കുന്നു.

ഡോ. ജയപ്രകാശ് ആർ. കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം.

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**പ്രൊഫ. (ഡോ.) അനിൽ വള്ളത്തോൾ**
സീനിയർ പ്രൊഫസർ, മലയാള വിഭാഗം,
കാലിക്കറ്റ് സർവകലാശാല

## ചെയർപേഴ്സൺ

**ഡോ. പി. സോമൻ**
പ്രൊഫസർ (റിട്ട.) മലയാളവിഭാഗം
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

## വിദഗ്ധർ

**ഡോ. വി. പരമേശ്വരൻ**
സീനിയർ ലക്ചറർ (റിട്ട.),
ഡയറ്റ്, കോഴിക്കോട്

**മടവൂർ ശശി**
എച്ച്.എസ്.ടി. (റിട്ട), ഗവ. മോഡൽ
ബോയ്സ് എച്ച്.എസ്.എസ്., തിരുവനന്തപുരം

## അംഗങ്ങൾ

**ആശാ രാഘവൻ**
യു.പി.എസ്.ടി., ജി.ജി.എച്ച്.എസ്.എസ്.
മാവേലിക്കര, ആലപ്പുഴ

**ഡോ. മഞ്ജു സി.**
എച്ച്.എസ്.ടി., ജി.എം.ജി.വി.എച്ച്.എസ്.എസ്.
തൃശൂർ

**പ്രജിത കെ.വി.**
എച്ച്.എസ്.ടി., ജി.വി.എച്ച്.എസ്.എസ്.
ഫോർ ഗേൾസ്, തിരൂർ, മലപ്പുറം

**ഷാജി ടി.**
എച്ച്.എസ്.ടി., ജി.എച്ച്.എസ്.എസ്.
കൊടുമുണ്ട, പാലക്കാട്

**പ്രവീൺ കെ. കൊള്ളഞ്ചേരി**
യു.പി.എസ്.ടി., എ.എം.യു.പി.എസ്.
ചെമ്പ്ര, തിരൂർ, മലപ്പുറം

**ഡി. സുചിത്രൻ**
ഹെഡ്മാസ്റ്റർ (റിട്ട.), ജി.യു.പി.എസ്.,
മുടപുരം, ചിറയിൻകീഴ്, തിരുവനന്തപുരം

## ചിത്രരചന

**സിഗ്നി ദേവരാജ്**
ചിത്രകലാധ്യാപകൻ (റിട്ട),
ജി.എച്ച്.എസ്.എസ്., നീലേശ്വരം, കോഴിക്കോട്

**ആന്റണി സെബാസ്റ്റ്യൻ**
ജി.എച്ച്.എസ്.എസ്., എരഞ്ഞിമങ്ങാട്
മലപ്പുറം

## അക്കാദമിക് കോഡിനേറ്റർ

**അജി ഡി.പി.**
**റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി., കേരളം**


**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


**1 കതിർചൂടും നാടിൻപെരുമകൾ ..... 07**

ഗ്രാമശ്രീകൾ ..... 8
കുമ്മാട്ടി ..... 12
വിത്തെന്ന മഹാദ്ഭുതം ..... 16

**2 സ്നേഹസുന്ദരപാതയിലൂടെ ..... 21**

ഫാത്തിമത്തുരുത്ത് ..... 22
കാട് ആരത്? ..... 26
കിണറ്റിൽവീണ പൂച്ചയെ എങ്ങനെ കയറ്റാം ..... 30

**3 തിരമുറിച്ച് കനവ്നെയ്തവർ ..... 38**

നാളത്തെ പൊന്മാൻ ..... 39
കൈകോർത്തവർ പറഞ്ഞത് ..... 45
അവസാനത്തെ ഇല ..... 48

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക് "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 1 കതിർചൂടും നാടിൻപെരുമകൾ




ഈ സാക്ഷ്യപത്രങ്ങൾ നമുക്കുനൽകുന്ന പ്രചോദനം എന്താണ്? ചർച്ച ചെയ്യുക.

*വയലുകളിൽ സംസ്കാരത്തിന്റെ വിത്തുകൾ മുളച്ചു.*
*വളർന്നു; വിളഞ്ഞു.*
*നമ്മളത് കൊയ്യുന്നു.*



# ഗ്രാമശ്രീകൾ

നാണിച്ചു പോകുന്നു, നീളൻകുട ചൂടി
ഞാനീ വരമ്പിൻ കൊതുമ്പിൽ നിൽക്കേ,
ഏതൊരു വിശ്വവിദ്യാലയത്തിങ്കലെൻ
സോദരിമാരേ, പഠിച്ചു നിങ്ങൾ?
കൈവശമാക്കുവാനിക്കലാവൈഭവ-
മേതൊരധ്യാപകൻ കൂട്ടുനിന്നു?
കന്നിനെൽക്കണ്ടമുഴുതുമറിക്കുന്നു;
മണ്ണിൻ പുതുമണം പൊങ്ങിടുന്നു;
ഉണ്ണിക്കതിരോന്റെ പൊൻനുകപ്പാടേറ്റു
വിണ്ണിൻ വിളിപ്പാടും ചോന്നിതല്ലോ!
അങ്ങേലുമിങ്ങേലും പെണ്ണുങ്ങൾ പാഞ്ഞെണീ-
റ്റന്യോന്യം ചൊല്ലിവിളിക്കയായി.
വേലിപ്പടർപ്പിലെ പച്ചിലച്ചാർത്തിങ്ക-
ലോലക്കിളികൾ ചിലച്ചീടുന്നു.
ചെന്നിക്കൽ കെട്ടിച്ചെരിച്ചു നിറുത്തിയ
ചെമ്മേലും കുന്തളബന്ധങ്ങളിൽ





'തുമ്മാൻ'ചെരുതി,യുടുപുടത്തുമ്പുക-
ളൊന്നു മേലാക്കം കയറ്റിക്കുത്തി
കാലുപുതയും വരമ്പത്തെപ്പാഴ്ച്ചളി-
ത്താരയിൽത്താമരത്താർ വിടർത്തി.

*  *  *  *  *  *

മന്ദമുണർന്നു ദിഗന്തങ്ങൾ, നേരിയ
മഞ്ഞുപോൽ പൂമഴയൊന്നു പാറി;
പച്ചിലക്കൂട്ടവും പാടവും മാടവും
ചക്രവാളാന്തവുമെങ്ങുമെങ്ങും
ഒന്നു കുളിർന്നു നനഞ്ഞു ഹാ,യെന്തൊരു
സുന്ദരാലേഖ്യം നീ, കേരളമേ!
കിക്കിളിക്കൂട്ടിയുഴവുചാലിൽക്കൂടി
'പൊക്കിള' പൊന്തും വയൽച്ചളിയിൽ
മന്ദമിറങ്ങി, നിരന്നു, നിലകൊണ്ടു
പെണ്ണുങ്ങൾ, മണ്ണിന്നരുമമക്കൾ,
കൈകൾ കിണഞ്ഞു പണികയായ് ഞാറിന്മേൽ
കാൽകൾ ചളിയിൽ കുതിക്കയായി;
താഴെ, വയലിൽ, നിരയായ് നിരയായി
നീലനീരാളം വിരിയുകയായ്;
വായുവിൽ, കേരളവീരാപദാനങ്ങ-
ളാലോലനർത്തനമാടുകയായ്!
സന്തതതൂലികാസാഹചര്യംകൊണ്ടു
നൊന്തു മരവിച്ച മൽക്കരമേ!
മഞ്ജുളമിക്കലാസൃഷ്ടിക്കു മുമ്പിലാ-
യഞ്ജലിയർപ്പിക്ക ഭക്തിപൂർവം!
ചേർക്കുണ്ടിൽത്താഴ്ത്തുമീത്തൂവിരൽത്തുമ്പത്രേ
നാട്ടിന്റെ നന്മകൾ നെയ്തെടുപ്പൂ!!

**ഗ്രാമശ്രീകൾ**
**[കടത്തനാട്ട് മാധവി അമ്മ]**

## കവിത വായിച്ച് ആശയങ്ങൾ ചർച്ചചെയ്യാം

- 'വിശ്വവിദ്യാലയം' എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നത് എന്ത്?
- പ്രഭാതത്തെ എങ്ങനെയെല്ലാമാണ് കവി വർണ്ണിച്ചിരിക്കുന്നത്?
- കർഷകസ്ത്രീകളെ ഗ്രാമശ്രീകളെന്ന് വിശേഷിപ്പിക്കുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം?
- "സുന്ദരാലേഖ്യം നീ കേരളമേ" എന്ന് കവി പറയുന്നതെന്തുകൊണ്ട്?

## വിശകലനം ചെയ്യാം

"മഞ്ജുളമിക്കലാസൃഷ്ടിക്കു മുമ്പിലായഞ്ജലിയർപ്പിക്ക"–
കൃഷി കലാസൃഷ്ടിയാകുന്നതെങ്ങനെ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ഈണം കണ്ടെത്താം, ചൊല്ലാം

വ്യക്തിഗതമായി കവിതയ്ക്ക് ഈണം കണ്ടെത്തൂ, ഗ്രൂപ്പിൽ അവതരിപ്പിച്ച് ഉചിതമായ ഈണം കണ്ടെത്തി സംഘമായി ചൊല്ലൂ.

## താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കാം

"ഉർവിയേപ്പുഷ്പിപ്പിക്കും കലപോൽ നമുക്കേത്ര
നിർവൃതികരം സർഗവ്യാപാരമുണ്ടോ മന്നിൽ?"

-വൈലോപ്പിള്ളി

ഈ വരികളുടെ ആശയവും 'ഗ്രാമശ്രീകൾ' എന്ന കവിതയുടെ ആശയവും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## പ്രയോഗഭംഗി കണ്ടെത്താം, വിശദീകരിക്കാം

"ഉണ്ണിക്കതിരോന്റെ പൊൻനുകപ്പാടേറ്റു
വിണ്ണിൻ വിളിപ്പാടും ചോന്നിതല്ലോ"


ഈ വരികളുടെ പ്രയോഗഭംഗി കണ്ടെത്തി വിശദീകരിക്കൂ. ഇതുപോലെയുള്ള കൂടുതൽ വരികൾ കണ്ടെത്തി ഗ്രൂപ്പിൽ ചർച്ചചെയ്ത് വിശദീകരിക്കുക.

## വാങ്മയചിത്രത്തിൽനിന്ന് വർണ്ണചിത്രത്തിലേക്ക്

കവിതയിൽ ധാരാളം വാങ്മയചിത്രങ്ങളുണ്ടല്ലോ. അവ കണ്ടെത്തി വരകളും വർണ്ണങ്ങളും ചേർന്ന ചിത്രങ്ങളാക്കി പ്രദർശനം സംഘടിപ്പിക്കുക.

## ആശയപടം പൂർത്തിയാക്കാം, ആസ്വാദനം എഴുതാം

കോളങ്ങളിൽ ആസ്വാദനാംശങ്ങൾ എഴുതുക. അവയെ അടിസ്ഥാനമാക്കി കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.




തയ്യാറാക്കിയ ആസ്വാദനക്കുറിപ്പ് സ്വന്തമായും കൂട്ടുകാരുമായി ചേർന്നും ആശയം, വാക്യഘടന, പദം, അക്ഷരം, ചിഹ്നം എന്നീ തലങ്ങളിൽ എഡിറ്റ് ചെയ്ത് മെച്ചപ്പെടുത്തുക.

## പഴഞ്ചൊൽക്കേളി

കൃഷിച്ചൊല്ലുകൾ ശേഖരിച്ച് ക്ലാസിൽ പഴഞ്ചൊൽക്കേളി നടത്തുക.

## ചൊൽക്കാഴ്ചയിലേക്ക്

കൃഷിയുമായി ബന്ധപ്പെട്ട നാടൻപാട്ടുകൾ ശേഖരിച്ച് ചൊൽക്കാഴ്ച സംഘടിപ്പിക്കുക. ചൊൽക്കാഴ്ചയുടെ വീഡിയോ ക്ലാസ്തല നവമാധ്യമഗ്രൂപ്പിൽ പങ്കുവയ്ക്കുക.

*വിളവെടുപ്പിന്റെ ആരവത്തോടൊപ്പം മറ്റൊരുണർവിന്റെ ആർപ്പുവിളികളും വാദ്യഘോഷങ്ങളും ഉയരുന്നു.*

# കുമ്മാട്ടി

തൃശൂർ ജില്ലയിലും പരിസരങ്ങളിലും ഓണക്കാലത്ത് ആർപ്പുവിളിച്ച് വില്ലുകൊട്ടി വീടുകൾ തോറും കയറിയിറങ്ങി കുട്ടികളും ചെറുപ്പക്കാരും അവതരിപ്പിക്കുന്ന നാടോടിക്കലയാണ് ദേശക്കുമ്മാട്ടി. അനുഷ്ഠാനാംശം കുറഞ്ഞ, പ്രാദേശികകലാരൂപമായ കുമ്മാട്ടി ആദ്യകാലത്ത് മനകളിലും തറവാടുകളിലും നായന്മാർ അവതരിപ്പിച്ചിരുന്നതാണ്. ഇന്ന് ദേശത്തെ എല്ലാ ജാതിക്കാരും പങ്കെടുക്കുന്ന, കൂട്ടായ്മയുള്ള ദേശോത്സവമായി ഇതു മാറിയിരിക്കുന്നു. കിഴക്കുംപാട്ടുകര, കുറ്റുമുക്ക്, മരുതൂർ, എവനൂർ, അയ്യന്തോൾ, വിയ്യൂർ, ഊരകം എന്നിവിടങ്ങളിലാണ് ഇന്ന് പ്രധാനമായും കുമ്മാട്ടിക്കളിയുള്ളത്. ഗ്രാമീണവീഥികളും മുറ്റങ്ങളും അരങ്ങായി ഉപയോഗിക്കുന്ന വിപുലമായ അവതരണഘടനയാണ് ഈ കലാരൂപത്തിനുള്ളത്. കാർഷികസമൃദ്ധിയുടെയും ഗ്രാമീണസംസ്കാരത്തനിമയുടെയും ആചാരസങ്കല്പങ്ങളാണ് ഈ വിനോദകലയ്ക്കുള്ളത്.

ഓരോ ദേശക്കുമ്മാട്ടിയും ആശാന്മാരുടെ നേതൃത്വത്തിൽ പൊയ്മുഖങ്ങൾ ഒരുക്കുക, ചായം കൊടുക്കുക, കുമ്മാട്ടിപ്പുല്ലു ശേഖരിക്കുക, വേഷംകെട്ടാനുള്ളവരെ തീരുമാനിക്കുക തുടങ്ങിയ അണിയറ ഒരുക്കങ്ങളാണ് ആദ്യം ചെയ്യുന്നത്. താൻ ഇന്ന വേഷം കെട്ടുകയാണെന്ന് ഓരോരുത്തരും നിശ്ചയിക്കുകയാണ് പതിവ്. തള്ള, പന്നി എന്നീ വേഷങ്ങൾ ചിലർ ഓരോ വർഷവും സ്ഥിരമായി കെട്ടുന്നു.





## കതിർചൂടും നാടിൻപെരുമകൾ

ശരീരം മറയ്ക്കാനുള്ള ഔഷധഗുണമുള്ള പാർപ്പടകപ്പുല്ല് തലേദിവസംതന്നെ ചെറുപ്പക്കാർ സംഘമായിച്ചെന്ന് ശേഖരിച്ച് പ്രത്യേകരൂപത്തിൽ മെടഞ്ഞുവയ്ക്കുന്നു. പുല്ലിന്റെ കട നടുവിൽ വരുന്ന വിധത്തിൽ തല രണ്ടു ഭാഗത്തേക്കും അടുക്കിവച്ച് കാഞ്ഞിരവള്ളികൊണ്ടാണ് മെടയുന്നത്. ഈ അവസരങ്ങളിൽ ഓണപ്പാട്ടുകൾ പാടും. പിറ്റേദിവസം രാവിലെ മിക്കവാറും രഹസ്യമായ ഒരിടത്തുവച്ചാണ് കുമ്മാട്ടിവേഷങ്ങൾ കെട്ടുന്നത്. വേഷക്കാരുടെ വ്യക്തിത്വവും ഓരോ സംഘക്കാരുടെ മുഖാവരണങ്ങളും പരസ്യമാകാതിരിക്കുന്നതിനാണിത്. മാറ് കണക്കിന് നീളത്തിൽ മെടഞ്ഞ പുല്ല് കാലിൽനിന്ന് മുകളിലേക്ക് കെട്ടുന്നു. കാലിലും കൈയിലും മൂന്നു കെട്ട്, മാറിലും ചുമലിലും അരയിലും ഓരോ കെട്ട് എന്നാണ് കണക്ക്. വ്യക്തിയെ അറിയാതിരിക്കാൻ തലയിൽ മുണ്ടുകെട്ടി അനുഷ്ഠാനപരമായി മുഖാവരണം വയ്ക്കുന്നു. ദൈവാധീനത്തിനുവേണ്ടി ആദ്യം ഹനുമാന്റെയോ കൃഷ്ണന്റെയോ മുഖാവരണമാണ് കെട്ടുക. പന്നിക്ക് വാഴച്ചപ്പാണ് വേഷം. കുമ്മാട്ടി കെട്ടിക്കഴിഞ്ഞാൽ എല്ലാവരും ആർപ്പുവിളിച്ച് അടുത്തുള്ള ആരാധനാലയത്തിൽ പോയി നാളികേരമുടയ്ക്കുന്നു. കിഴക്കുംപാട്ടുകര കുമ്മാട്ടിസംഘം പനക്കുംപുള്ളി ശിവക്ഷേത്രത്തിലും ഊരകം കുമ്മാട്ടി അമ്മത്തിരുവടിയുടെ ക്ഷേത്രത്തിലും നമിച്ചുകൊണ്ടാണ് കളി ആരംഭിക്കുന്നത്. ഓരോ സംഘത്തിലും അഞ്ചോ ആറോ കുമ്മാട്ടികളും സംഘനേതാവായി തള്ളയുമുണ്ടാകും. നാലഞ്ചു പാട്ടുകാരും ഏകതാളത്തിൽ കൊട്ടുന്ന രണ്ടോ മൂന്നോ വില്ലുകൊട്ടുകാരും ചേർന്നതാണ് ദേശക്കുമ്മാട്ടി. ഔപചാരികമായി അഭ്യാസക്രമങ്ങളില്ലെങ്കിലും കുമ്മാട്ടിയുടെ പ്രത്യേക ചുവടുകൾ ചെറുപ്പക്കാർ കണ്ടും ചെയ്തും ശീലിക്കുകയാണ് ചെയ്യുന്നത്. ഓരോ കഥാപാത്രത്തിനും വേണ്ട ഭാവപ്രകടനങ്ങളും വ്യാക്ഷേപകങ്ങളും ആശാന്മാർ പറഞ്ഞുകൊടുത്തിരുന്നു. 'തിത്തോ തിമൃതോ തിയ്യത്തോ' എന്ന കുമ്മാട്ടി വായ്ത്താരി പാടി കൈകൊട്ടി പാടുന്നവർക്കൊപ്പം കളിക്കുകയാണെങ്കിലും കഥാസന്ദർഭത്തിനനുസരിച്ച് ആംഗ്യങ്ങൾ കാണിക്കുന്നതിനും പകർന്നാടുന്നതിനും പന്നിയെ നായാടിപ്പിടിക്കുന്ന 'പന്നിമറച്ചിൽ' എന്ന അഭ്യാസസന്ദർഭങ്ങൾ അഭിനയിക്കുന്നതിനും പരിശീലനം ആവശ്യമാണ്.

**കേരള ഫോക്‌ലോർ**
**[സി.ആർ. രാജഗോപാലൻ]**

## ചർച്ചചെയ്യാം, കണ്ടെത്താം

പാഠഭാഗം വായിച്ച് കണ്ടെത്തിയ സവിശേഷതകൾ ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക

**സൂചനകൾ**

- എന്താണ് കുമ്മാട്ടിക്കളി?
- കുമ്മാട്ടിക്കളിയുടെ വേഷസവിശേഷതകൾ എന്തെല്ലാം?
- കുമ്മാട്ടിക്കളിയുടെ ആഘോഷരീതി എങ്ങനെയുള്ളതാണ്?

## വിശകലനം ചെയ്യാം, കുറിപ്പ് തയ്യാറാക്കാം

കാർഷികോത്സവങ്ങളും നാട്ടുത്സവങ്ങളും ജനമൈത്രി നിലനിർത്താൻ സഹായിക്കുന്നതെങ്ങനെ? പാഠഭാഗവും മറ്റു സന്ദർഭങ്ങളും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## കാർഷികോത്സവം

നമ്മുടെ നാട്ടിലുമുണ്ട് കാർഷികോത്സവങ്ങളും നാട്ടുത്സവങ്ങളും.

- കാളവേല
- 

നാട്ടിലെ കർഷകരുടെകൂടി സഹായത്തോടെ സ്കൂളിൽ ഒരു കാർഷികോത്സവം/നാട്ടുത്സവം സംഘടിപ്പിക്കുക.

കാർഷികോത്സവത്തിന്റെ/നാട്ടുത്സവത്തിന്റെ പ്രചാരണത്തിന് നോട്ടീസ്, കാര്യപരിപാടി, പോസ്റ്റർ, ബാനർ എന്നിവ തയ്യാറാക്കുമല്ലോ. ഇവ ഡിജിറ്റലായും തയ്യാറാക്കാം.

## വിവരണം തയ്യാറാക്കാം

'ഞങ്ങൾ കണ്ട കാർഷികോത്സവം/നാട്ടുത്സവം' എന്നതിനെ അടിസ്ഥാനമാക്കി ഒരു വിവരണം തയ്യാറാക്കുക.

## ഡോക്യുമെന്ററി തയ്യാറാക്കാം

നമ്മുടെ നാട്ടിലെ ആഘോഷങ്ങളും അനുബന്ധവിവരങ്ങളും ഉൾപ്പെടുത്തി ഡോക്യുമെന്ററി തയ്യാറാക്കാം. അനുയോജ്യമായ ശബ്ദവിവരണംകൂടി ഉൾപ്പെടുത്തുമല്ലോ.





## വരികൾ ചേർത്തുപാടാം


നെൽക്കൃഷിയുമായി ബന്ധപ്പെട്ട ഒരു നാടൻപാട്ടാണ് ചുവടെ നൽകിയിരിക്കുന്നത്. കൂടുതൽ വിത്തിനങ്ങൾ ചേർത്തുപാടുക.

### വിത്തുപൊലിപ്പാട്ട്

എന്തെല്ലാം നെല്ല് പൊലിക
ചെന്നെല്ല് വിത്ത് പൊലിക പൊലി
ചെന്നെല്ല് വിത്ത് പൊലിക
കുഞ്ഞിക്കഴമ പൊലിക പൊലി
കുഞ്ഞിക്കഴമ പൊലിക
തുച്ചെണ്ടൻ വിത്ത് പൊലിക പൊലി
തുച്ചെണ്ടൻ വിത്ത് പൊലിക
വിരിപ്പ് നെല്ല് പൊലിക പൊലി
വിരിപ്പ് നെല്ല് പൊലിക
എണ്ണക്കുഴമ്പൻ പൊലിക പൊലി
എണ്ണക്കുഴമ്പൻ പൊലിക
നാരകൻ വിത്ത് പൊലിക പൊലി
നാരകൻ വിത്ത് പൊലിക

-----------------------------------
-----------------------------------

[സമ്പാദകൻ : ഡോ. എം. വി. വിഷ്ണുനമ്പൂതിരി]





അത്രമേൽ ക്ഷമയോടെ
അതിലേറെ പ്രതീക്ഷയോടെ
ഒരു വിത്ത് സൂര്യനിലേക്ക് നോക്കുന്നു.

# വിത്തെന്ന മഹാദ്ഭുതം



രാജ്യത്തെ പരമോന്നത പുരസ്കാരങ്ങളിലൊന്നായ പത്മശ്രീ നേടിയ ചെറുവയൽ രാമൻ

വിത്തുശേഖരണത്തിന്റെ കാര്യത്തിൽ പലകാര്യങ്ങളും ശ്രദ്ധിക്കണം. എൺപതുശതമാനം മൂപ്പാവുമ്പോഴാണ് വിളവെടുക്കേണ്ടത്. എൺപതുശതമാനം മൂപ്പേ പാടുള്ളൂവെന്നുതന്നെ പറയാം. നൂറുശതമാനം പാടില്ല. കാരണം, നൂറുശതമാനം മൂത്തുപോയാൽ വിത്തിന്റെ ഗുണം കുറയും. വിത്തിന് മാത്രമല്ല, എൺപതുശതമാനം മൂപ്പിൽ വിളവെടുക്കുന്ന നെല്ലാണ് ഭക്ഷണത്തിനും നല്ലത്. 'അധികം വിളഞ്ഞാൽ വിത്തിന് കൊള്ളില്ല' എന്നൊരു പഴമൊഴി തന്നെയുണ്ട്. ഏത് കൃഷിയായാലും അതങ്ങനെയാണ്. നാളികേരമോ അടയ്ക്കയോ എന്തുമായിക്കൊള്ളട്ടെ, എൺപതുശതമാനം മൂപ്പിൽ വിളവെടുക്കുന്നതാണ് വിത്തിന് ഉത്തമം. ആ സമയമാകുമ്പോൾ വയലിൽ പോയി ഏറ്റവും ആരോഗ്യമുള്ള നെന്മണികൾ ഏതു ഭാഗത്താണ് വിളഞ്ഞിരിക്കുന്നതെന്ന് നോക്കും. അതാണ് വിത്തിനായി തിരഞ്ഞെടുക്കുക. അത് കൊയ്തുകൊണ്ടുവന്ന് കൊഴിച്ചെടുക്കുന്നു. പതിനാലുദിവസം വെയിലത്തും മഞ്ഞത്തുമിട്ട് നന്നായി കാറ്റും വെയിലും കൊള്ളിച്ച് ഉണക്കിയെടുക്കുകയാണ്. അങ്ങനെ ഉണക്കിയെടുത്ത് സൂക്ഷിക്കുന്നതാണ് നല്ല വിത്തുകളായിമാറുന്നത്. ഇത് എല്ലാ ഇനങ്ങൾക്കും ബാധകമാണ്.

വിത്തിനായി ധാന്യമണികളെടുക്കുന്ന രീതിക്കും പ്രാധാന്യമുണ്ട്. പയറിന്റെ വിത്താണ് എടുക്കുന്നതെങ്കിൽ പയർവള്ളിയുടെ അങ്ങേയറ്റവും ഇങ്ങേയറ്റവും ഉപേക്ഷിക്കുക. അതിന്റെ നടുക്കുള്ള മണികൾ മാത്രം തിരഞ്ഞെടുക്കുക. മധ്യത്തിൽനിന്നുതന്നെ എടുക്കണം. ആദ്യം കായ്ക്കുന്നത് വിത്തിനായി എടുക്കരുത്. മൂന്നുമാസമാണ് ഒരു പയർവള്ളി വിളവു തരുന്നതെങ്കിൽ ഒന്നരമാസം കഴിഞ്ഞ് പാകമാകുന്ന പയർമണികൾ മാത്രമേ വിത്തിനെടുക്കാവൂ. അതായത് ആദ്യം കായ്ക്കുന്നതും എടുക്കരുത്. അവസാനം കായ്ക്കുന്നതും എടുക്കരുത്. നടുവിൽനിന്നുതന്നെ എടുക്കണം. ഇതേ രീതിയിലാണ് എല്ലാ വിത്തുകളും ശേഖരിക്കേണ്ടത്. നെൽക്കതിരിന്റെ രണ്ടറ്റവും ഉപേക്ഷിച്ചശേഷം നടുക്കുനിന്നുള്ള മണികൾ എടുക്കണം. ആ ഇനത്തിന്റെ തനിമ നിലനിറുത്താൻ ഈ രീതിയാണ് ഉത്തമം എന്ന് അനുഭവം എന്നെ പഠിപ്പിച്ചിട്ടുണ്ട്.

ശേഖരിച്ച വിത്ത് ഉണക്കുന്നതിനും ചില ചിട്ടകളുണ്ട്. നെല്ലാണെങ്കിൽ വെയിലും മഞ്ഞും കൊള്ളിക്കുന്നു. ഇഞ്ചിയാണെങ്കിൽ പുകയത്തുവച്ച് ഉണക്കുന്നു. വിത്തിന്റെ കരുത്ത് അല്ലെങ്കിൽ ഊർജം വീണ്ടെടുക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. ഇന്ന് നമ്മൾ കീടനാശിനിയിൽ മുക്കിയിട്ടാണ് വിത്തുകൾ വയ്ക്കുക. ഹൈബ്രിഡ് വിത്തുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും. എന്നാൽ പരമ്പരാഗതവിത്തുകൾ ഞാൻ പറഞ്ഞ രീതിയിൽ പതിനാലുദിവസം മഞ്ഞിലും വെയിലിലുമിട്ട് ഉണക്കുന്നു. അങ്ങനെ വരുമ്പോൾ ഈ വിത്തിനെ പ്രകൃതിയുമായി ലയിപ്പിക്കുകയാണ് ചെയ്യുന്നത്. സ്വാഭാവികപ്രതിരോധശേഷി വിത്തിനുണ്ടാവുന്നു. ഹൈബ്രിഡുകളുടെ കാര്യത്തിൽ ഈ പ്രതിരോധശേഷിക്കുവേണ്ടിയാണ് അവ കീടനാശിനിയിൽ മുക്കുന്നത്. ഇങ്ങനെ ഉണക്കിയെടുക്കുന്ന വിത്തുകൾ മുള, ഈറ്റ ഒക്കെക്കൊണ്ട് ഉണ്ടാക്കിയെടുത്ത കൊമ്മ, കുട്ട എന്നിവയിലൊക്കെയായിരുന്നു പണ്ട് സൂക്ഷിച്ചിരുന്നത്. ഇതുകൂടാതെ കച്ചികൊണ്ട് ഉണ്ടാക്കിയെടുക്കുന്ന വിത്തുമുട എന്നൊരു സാധനമുണ്ട്. അതിന്റെ ആകൃതി ഒരു പന്ത് അല്ലെങ്കിൽ ഭൂഗോളംപോലെയാണ്. ഇത് മൂക്കാത്ത ഈറ്റ കീറിയെടുത്ത് നാരുണ്ടാക്കി കെട്ടും. അല്ലെങ്കിൽ ചൂരലിന്റെ വള്ളി ഉപയോഗിക്കും.

വയനാട്ടിൽ വിത്തുപാകുന്നത് രണ്ടുസമയത്താണ്. പൊടിഞ്ഞാറെന്നും ചെളിഞ്ഞാറെന്നും പറയും. വിത്തുപാകാൻ സമയമാകുമ്പോഴാണ് പിന്നീട് വിത്ത് പുറത്തെടുക്കുന്നത്. മേടമാസത്തിൽ ആദ്യമഴ പെയ്തു കഴിയുമ്പോഴാണ് വിത്ത് പാകിത്തുടങ്ങുന്നത്. ആദ്യം മൂപ്പുകൂടിയ വിത്തുകളാണെടുക്കുന്നത്. അതായത് എട്ടുമാസം, പത്തുമാസം മൂപ്പുള്ള വിത്തുകൾ. ഈ വിത്തുകൾ ഇടവപ്പാതിയാകുമ്പോഴേക്കും പറിച്ചുനടാൻ പാകമാകും. പിന്നീട് മൂപ്പനുസരിച്ച് ഓരോരോ വിത്തുകളും അതിന്റെ കണക്കുനോക്കി പാകുകയും പറിച്ചുനടുകയും ചെയ്യും. പണ്ട് മൂപ്പിന്റെ ദിവസങ്ങൾ എണ്ണിത്തിട്ടപ്പെടുത്തി വിത്തുപാകുന്നതിലും

പറിച്ചുനടുന്നതിലും കാരണവന്മാർ വേണ്ടവിധത്തിൽ ശ്രദ്ധിച്ചിരുന്നില്ല. അതുമൂലം വിളവ് കുറയുകയും ചെയ്തിട്ടുണ്ട്. ആറുമാസം അല്ലെങ്കിൽ നൂറ്റിയെൺപതു ദിവസം മൂപ്പുള്ള വിത്താണെങ്കിൽ, നാൽപ്പത്തിരണ്ട് ദിവസത്തിനുള്ളിൽ ഞാറ് പറിച്ചുനടണം. അതായത് ആറിനെ ഏഴുകൊണ്ട് ഗുണിക്കുന്നു. ഏഴാറ് നാൽപ്പത്തിരണ്ട്. ഇനി നാലുമാസം പ്രായമുള്ള വിത്താണെങ്കിൽ ഏഴുനാല് ഇരുപത്തെട്ട്. അതായത് ഇരുപത്തെട്ട് ദിവസത്തിനുള്ളിൽ പറിച്ചുനടണം. ഇതാണ് കണക്ക്. ഇത്തരത്തിൽ ഒരു കണക്കും ക്രമവും ഉണ്ടാക്കുന്നതിൽ വിദ്യാഭ്യാസം വലിയ പങ്കുവഹിച്ചിട്ടുണ്ട്.

പണ്ട് വിദ്യാഭ്യാസത്തിന്റെ അഭാവംമൂലം കണക്കുകൾ കൃത്യമായിരുന്നില്ല. പിന്നീട് കർഷകൻ വിദ്യാഭ്യാസം നേടുകയും കണക്കു കൂട്ടാൻ പഠിക്കുകയും ചെയ്തതോടെ കൃഷിക്ക് പ്രകൃതിയുടെ സഞ്ചാരത്തിന് അനുസരിച്ചുള്ള ശാസ്ത്രീയ അടിത്തറ കൊണ്ടുവരാൻ സാധിച്ചു. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സ്വയം രൂപപ്പെട്ടുവരുന്നതാണ് ഇതൊക്കെ. ഗവേഷണംനടത്തി കണ്ടുപിടിക്കുന്നതല്ല. വിദ്യാഭ്യാസം വന്നതിനുശേഷം കൃഷിയിൽനിന്നു ലഭിക്കുന്ന വിളവ് കർഷകൻ കണക്കാക്കാൻ തുടങ്ങി. വിളയിൽ വ്യത്യാസങ്ങളുണ്ടാവുമ്പോൾ അതെന്തുകൊണ്ടാണ് ഉണ്ടാകുന്നതെന്നന്വേഷിക്കാൻ തുടങ്ങി. ആ അന്വേഷണങ്ങളും നിരീക്ഷണങ്ങളുമാണ് ഇത്തരത്തിലുള്ള ക്രമം വികസിപ്പിക്കുന്നതിലേക്ക് നയിച്ചത്. വിത്തിടുന്ന തീയതി രേഖപ്പെടുത്തി വച്ചുതുടങ്ങി. വിളവെടുക്കുന്ന തീയതി രേഖപ്പെടുത്തി. അപ്പോൾ ഇത്ര ദിവസം എടുത്തു എന്ന് കൃത്യമായി മനസ്സിലാക്കി. അങ്ങനെയാണ് കൃത്യമായ ഒരു ക്രമം വളർന്നുവരുന്നത്. ഇത് ഏതെങ്കിലും ഒരു വ്യക്തിയുടെ സംഭാവനയല്ല, മറിച്ച് കർഷകർ തങ്ങളിലുള്ള ആശയവിനിമയങ്ങളിലൂടെയാണ് ഇത്തരം അറിവുകൾ രൂപപ്പെട്ടുവരുന്നത്. കർഷകർ തമ്മിലുള്ള ഈ ആശയവിനിമയം നഷ്ടപ്പെടുന്നതാണ് ഇന്ന് കൃഷി നേരിടുന്ന വലിയ വെല്ലുവിളികളിൽ പ്രധാനം.

ഇതിന്റെ ചുരുക്കം ഇത്രയേ ഉള്ളൂ. വിളവെടുക്കുന്ന സമയമാകുമ്പോഴേക്കും എല്ലാ വിത്തിനങ്ങളുടെയും മൂപ്പ് ഏകദേശം തുല്യമായി നിൽക്കും. ആ കണക്കുനോക്കിയാണ് വിത്തു പാകുന്നതും ഞാറ് പറിച്ചുനടുന്നതുമെല്ലാം. കൊയ്ത്തിന്റെ സമയമാവുമ്പോഴേക്കും എല്ലാ ഇനങ്ങൾക്കും തുല്യമൂപ്പാകും. ആ ഒരു ചാക്രികതയിലേക്ക് കൃഷിയെ കൊണ്ടുവന്നു.

**ആത്മകഥ**
**[ചെറുവയൽ രാമൻ]**

## വായിക്കാം, അറിയാം

പാഠഭാഗം വ്യക്തിഗതമായി വായിച്ച് പ്രധാനാശയങ്ങൾ അവതരിപ്പിക്കൂ, എഴുതൂ.

താഴെക്കൊടുത്തിരിക്കുന്ന സൂചനകളും പരിഗണിക്കാം.

- വിത്തുശേഖരണത്തിന്റെ കാര്യത്തിൽ എന്തെല്ലാം ശ്രദ്ധിക്കണം ?
- വിത്തിനായി ധാന്യമണികൾ എടുക്കുന്ന രീതികൾ എന്തെല്ലാം?
- ശേഖരിച്ച വിത്തുകൾ ഉണക്കുന്ന ചിട്ടകൾ എന്തെല്ലാം?
- "ഞാറുനടുന്നതിൽ ഒരു കണക്കും ക്രമവും ഉണ്ടാക്കുന്നതിൽ വിദ്യാഭ്യാസം വലിയ പങ്കുവഹിച്ചിട്ടുണ്ട് "-എങ്ങനെയെല്ലാം?
- കർഷകർ തമ്മിലുള്ള ആശയവിനിമയങ്ങളിലൂടെ കൈമാറുന്ന അറിവുകൾ എന്തെല്ലാം?

## വിശകലനക്കുറിപ്പ് തയ്യാറാക്കാം

"കർഷകരുടെ നീണ്ടകാലത്തെ പരിശ്രമങ്ങളും അനുഭവങ്ങളും ശാസ്ത്രീയ പഠനങ്ങളുമാണ് നമ്മുടെ നാടിന്റെ വിശപ്പകറ്റാൻ സഹായകമാകുന്നത്." പാഠഭാഗത്തുനിന്ന് കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ചോദ്യാവലി തയ്യാറാക്കാം, അഭിമുഖം നടത്താം

നാട്ടിലെ കൃഷിരീതികളെക്കുറിച്ച് അറിയാൻ കൃഷിക്കാരുമായി അഭിമുഖം നടത്താനുള്ള ചോദ്യാവലി തയ്യാറാക്കി അഭിമുഖം നടത്തുക. അഭിമുഖത്തിന്റെ റിപ്പോർട്ടും വീഡിയോയും തയ്യാറാക്കണം.

## പദച്ചേരുവകൾ കണ്ടെത്താം

- എണ്ണിത്തിട്ടപ്പെടുത്തി – എണ്ണി, തിട്ടപ്പെടുത്തി
- കൃത്യമായിരുന്നില്ല – കൃത്യം, ആയിരുന്നില്ല
- സമയമാകുമ്പോൾ – സമയം, ആകുമ്പോൾ

ചേർത്തെഴുതുമ്പോൾ ഈ പദങ്ങൾക്കുണ്ടാകുന്ന ഭാഷാപരമായ മാറ്റങ്ങൾ എന്തെല്ലാം? കണ്ടെത്തുക.

ചേർത്തെഴുതിയ മറ്റുപദങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി അവയുടെ മാറ്റങ്ങൾ വ്യക്തമാക്കുക.

## പ്രസംഗം നടത്താം

കൃഷിയാണ് മനുഷ്യന് ആഹാരം നൽകുന്നത്. അതോടൊപ്പം അത് ഒരു സംസ്കാരവുമാണ്. എന്നാൽ ഇന്ന് കേരളത്തിൽ നെൽക്കൃഷി കുറയുന്നു. 'കൃഷിയുടെ പ്രാധാന്യം ഇന്നത്തെ സമൂഹത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗം നടത്തുക.

## ശാസ്ത്രീയത കണ്ടെത്താം, കുറിപ്പ് തയ്യാറാക്കാം

"അധികം വിളഞ്ഞാൽ വിത്തിനാകാ" എന്നൊരു പഴമൊഴി തന്നെയുണ്ട്. ഈ ചൊല്ലിന്റെ ശാസ്ത്രീയത അടുത്തുള്ള കൃഷി ഓഫീസറുമായി ചർച്ചചെയ്യുക. 'കാർഷികവൃത്തിയിലെ പാരമ്പര്യ സങ്കല്പങ്ങളും ശാസ്ത്രീയതയും' എന്ന വിഷയത്തിൽ കുറിപ്പ് തയ്യാറാക്കുക.

## കുറിപ്പെഴുതാം, പതിപ്പാക്കാം

നിങ്ങളുടെ വീട്ടിലെ / സ്കൂളിലെ കൃഷിയനുഭവത്തെക്കുറിച്ച് കുറിപ്പെഴുതുക. കുറിപ്പുകളെല്ലാം ചേർത്തുവച്ച് ക്ലാസ്പതിപ്പ് തയ്യാറാക്കുക. അതിനെ ഡിജിറ്റൽ പതിപ്പാക്കി സ്കൂൾ / ക്ലാസ് ഗ്രൂപ്പിൽ പങ്കുവയ്ക്കുക.

## വിത്തുമേള

നമ്മുടെ നാട്ടിൽ പരമ്പരാഗതമായ വിത്തുകളും അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളുമുണ്ടല്ലോ. ഇവ ശേഖരിച്ച് നാട്ടിലുള്ള കർഷകരുടെ സഹായത്തോടെ വിത്തുമേള സംഘടിപ്പിക്കുക.

2

# സ്നേഹസുന്ദരപാതയിലൂടെ



## കാടും കടലും

ആർത്തു കനത്തുവീഴും മഴപ്പെയ്ത്തിലൂ-
ടാദ്യമായ് കിട്ടും ചിറകു വീശി
കാറ്റിനോടൊപ്പം സ്വതന്ത്രരായുച്ചമായ്
പാട്ടുപാടിക്കൊണ്ടലയുമെങ്കിൽ
കാടും കടലുമിപ്പാട്ടുമീ വൻ മഴ-
ക്കാറ്റുമൊന്നാണെന്നു നാമറിയും!

**കുറിഞ്ഞിപ്പൂക്കൾ**
**[സുഗതകുമാരി]**

ഈ ചിത്രം നിങ്ങളുടെ മനസ്സിൽ ഉണർത്തിയ ചിന്തകൾ പങ്കുവയ്ക്കുക.
കാടും കടലും തമ്മിലുള്ള സാദൃശ്യഭംഗി കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? ചർച്ചചെയ്യുക.

*കരകവിഞ്ഞും ജീവിതം! കൈകൾകോർത്ത് സ്നേഹത്തുരുത്തിലേക്ക്...*

# ഫാത്തിമത്തുരുത്ത്

ഫാത്തിമത്തുരുത്തിലൊന്നു പോകണം
രാത്രിവഞ്ചിയിൽ നിലാവ് കാണണം
പൂക്കളോടു പൂക്കളെ തിരക്കണം
രാക്കിളിക്കു കൂട്ടുപാട്ട് പാടണം
കായലിൽ കിനാവുകണ്ട് പായുമാ
പായൽമാലയിട്ട കൊപ്ളിമീനിനെ
പൂനിലാവല വിരിച്ചിണക്കുവാൻ
ഫാത്തിമത്തുരുത്തിലൊന്നു പോകണം
മുള്ളുവേങ്ങകൾ മഴപ്പെരുമ്പറ
മുന്നണിച്ചെടിക്കു ചൊല്ലിയാടുമ്പോൾ
പട്ടണം പറന്നുകണ്ട പക്ഷിയായ്
ഫാത്തിമത്തുരുത്തിലൊന്നു പോകണം
രോഗബാധിതർ കിടന്നലറുമാ
കൂരകൾക്കു കൈവിളക്ക് നൽകുവാൻ
ജീവിതൗഷധം നിറച്ച സ്നേഹമേ
ഫാത്തിമത്തുരുത്തിലൊന്നു പോകണം

* * * * * *





പാറിവന്ന സെപ്തംബർമുകിലുകൾ
നാലുദിക്കിലും കറുത്തകോട്ടയായ്
തീക്കുടുക്കകളുടയ്ക്കുമന്തിയിൽ
ഫാത്തിമത്തുരുത്തിലൊന്നു പോകണം

പൂച്ചകൾ, അനാഥരായ നായകൾ
കാത്തിരിക്കുമീർപ്പമുള്ള പൊന്തയിൽ
രാത്രി മഞ്ഞുമാക്സിയിൽ വിറയ്ക്കുമ്പോൾ
ഫാത്തിമത്തുരുത്തിലൊന്നു പോകണം

വേനലിന്റെ മുഷ്ടിയിൽ കയ്യോന്നികൾ
പാനശീലവും ത്യജിച്ചുറങ്ങുമ്പോൾ
കാട്ടുമുല്ല വേരുണങ്ങി വീഴുമ്പോൾ
ഫാത്തിമത്തുരുത്തിലൊന്നു പോകണം

ഭൂമിയെ പുണർന്ന കുഞ്ഞുപുല്ലുകൾ
പൂവണിഞ്ഞു തേനുറഞ്ഞു നിൽക്കുമ്പോൾ
പ്രാണനിൽ മുഖംപതിച്ച വേവുമായ്
ഭാവനത്തുരുത്തിലൊന്നു പോകണം

**[കുരീപ്പുഴ ശ്രീകുമാർ]**

## കവിതവായിക്കാം, ആശയം കണ്ടെത്താം

- ഫാത്തിമത്തുരുത്തിലേക്ക് പോകുമ്പോൾ കാണാനിടയുള്ള കാഴ്ചകൾ കവി വിവരിച്ചിരിക്കുന്നതെങ്ങനെ?
- രോഗബാധിതർ കിടന്നലറുന്ന കൂരകൾക്ക് എങ്ങനെ സമാശ്വാസം നൽകാമെന്നാണ് കവി ചിന്തിക്കുന്നത്?

## വിശകലനം ചെയ്യാം, കുറിപ്പ് തയ്യാറാക്കാം

- തുരുത്തിലെ ജനങ്ങളുടെ സാമൂഹികജീവിതാവസ്ഥ സൂചിപ്പിക്കുന്ന വരികൾ കണ്ടെത്തി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ചർച്ചചെയ്യാം

“ഫാത്തിമത്തുരുത്തിലൊന്നു പോകണം
രാത്രിവഞ്ചിയിൽ നിലാവ് കാണണം
പൂക്കളോടു പൂക്കളെ തിരക്കണം
രാക്കിളിക്കു കൂട്ടുപാട്ട് പാടണം”

-കവിയുടെ ഭാവനയിൽ വിടരുന്ന ഫാത്തിമത്തുരുത്തിന്റെ ഭംഗി ഈ വരികളിൽ തെളിയുന്നതെങ്ങനെയെന്ന് ചർച്ചചെയ്യുക.

## ഈണംകണ്ടെത്താം, ചൊല്ലാം

കവിതയുടെ ആശയവും ഭാവവും ഉൾക്കൊണ്ട് ഉചിതമായ ഈണം കണ്ടെത്തി ഒറ്റയ്ക്കും കൂട്ടായും അവതരിപ്പിക്കുക. ഓഡിയോ/വീഡിയോ റെക്കോഡ് ചെയ്ത് ക്ലാസ്ഗ്രൂപ്പിൽ പങ്കുവയ്ക്കാം.

## പ്രയോഗഭംഗി കണ്ടെത്തി ആശയം വിശദീകരിക്കാം

- പൂക്കളോടു പൂക്കളെ തിരക്കുക
- പായൽമാലയിട്ട കൊപ്ളിമീൻ
- ജീവിതൗഷധം നിറച്ച സ്നേഹം
- ............................................................

ഇത്തരത്തിലുള്ള കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തി അവയുടെ ഭംഗി വിശദീകരിക്കുക.

## കണ്ടെത്തി വിശദീകരിക്കാം

“വേനലിന്റെ മുഷ്ടിയിൽ കയ്യോന്നികൾ
പാനശീലവും ത്യജിച്ചുറങ്ങുമ്പോൾ
കാട്ടുമുല്ല വേരുണങ്ങി വീഴുമ്പോൾ
ഫാത്തിമത്തുരുത്തിലൊന്നു പോകണം”

വേനലിന്റെ കാഠിന്യം ഈ വരികളിലൂടെ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുക.

## പ്രതികരണക്കുറിപ്പ് തയ്യാറാക്കാം

തുരുത്തിലെ ജീവജാലങ്ങൾ നേരിടുന്ന പരിസ്ഥിതിപ്രശ്നങ്ങളോട് പ്രതികരിച്ച് കുറിപ്പ് തയ്യാറാക്കുക.

## നിവേദനം തയ്യാറാക്കാം

നിങ്ങളുടെ പ്രദേശം നേരിടുന്ന പരിസ്ഥിതിപ്രശ്നങ്ങൾക്കു പരിഹാരം ആവശ്യപ്പെട്ടുകൊണ്ട് അധികാരികൾക്കു നൽകാനുള്ള നിവേദനം തയ്യാറാക്കുക.

## ആസ്വാദനക്കുറിപ്പ് തയ്യാറാക്കാം

'ഫാത്തിമത്തുരുത്ത്' എന്ന കവിത പരിചയപ്പെട്ടപ്പോൾ നിങ്ങളുടെ മനസ്സിൽ രൂപപ്പെട്ട ചിന്തകൾ എന്തെല്ലാം? ആശയപടം പൂർത്തിയാക്കി കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാം.




കവിതയുടെ പ്രധാനാശയം, ആവിഷ്കാരരീതി, സവിശേഷപ്രയോഗങ്ങൾ, സമകാലികപ്രസക്തി, ആശയപടത്തിലുള്ള പ്രസക്തമായ കാര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. തയ്യാറാക്കിയ ആസ്വാദന ക്കുറിപ്പ് സ്വന്തമായും കൂട്ടുകാരുമായി ചേർന്നും ആശയം, വാക്യഘടന, പദം, അക്ഷരം, ചിഹ്നനം എന്നീ തലങ്ങളിൽ എഡിറ്റ് ചെയ്ത് മെച്ചപ്പെടുത്തുക.

## കവിത പൂർത്തിയാക്കാം

നിങ്ങളുടെ ഭാവനയിലെ ഫാത്തിമത്തുരുത്ത് എങ്ങനെയുള്ളതാണ്? ഇതേ താളത്തിലും ഈണത്തിലും കവിത എഴുതുക.

..............................................................................................

..............................................................................................

..............................................................................................

ഫാത്തിമത്തുരുത്തിലൊന്നു പോകണം.

***കാട്ടിൽ മഴപെയ്യുന്നു...കാറ്റുവന്നു തോർത്തുന്നു...വെയിൽ ചിരിക്കുന്നു...***



# കാട് ആരത്?

കാട്ങ്ക് ഒരിവാസ ഇണ്ട്
മണ ഇണ്ട്
പാട്ട് ഇണ്ട് പയ്മെ ഇണ്ട്.
വീന്ത് മുളച്ചത് ചായ്ഞ്ച് മുളച്ചത്
കാട് അങ്ങണെ
നമ്മ നട്ടെ കാടലെ
കാട് കാടായിറ്റ് വന്തത്.
പച്ചെ കാട്ങ്ക് പച്ചെ പാട്ട് ഇണ്ട്,
കിളിക പാടും.
കാട് മക്ക റങ്കിയ കാട്
വളന്ത കാട് പോറ്റിയ കാട്
വളന്ത കാട് ഇണ്ണ്
കണ്ണ്ങ്ക് മാത്തറം.
പറിഞ്ഞെ പയ്മെ പോലെ,
കാട് അങ്ങണെ
പാട്ണ്.





# കാട് ആരുടേത്?

കാടിന് ഒരു ഭാഷയുണ്ട്
മണമുണ്ട്
പാട്ടുണ്ട് കഥകളുണ്ട്.
വീണ് മുളച്ചത് ചാഞ്ഞ് മുളച്ചത്
കാട് അങ്ങനെ.
നമ്മൾ നട്ടതല്ല കാട്
കാട് കാടായി വന്നത്.
പച്ചയായ കാടിന് പച്ചയായ പാട്ടുണ്ട്,
കിളികൾ പാടും
കാട്ടുമക്കൾ ഉറങ്ങിയ കാട്
വളർന്ന കാട് പോറ്റിയ കാട്
വളർന്നകാട് ഇന്ന്
കൺകാഴ്ച മാത്രം.
പറഞ്ഞുവച്ച കഥപോലെ,
കാട് അങ്ങനെ
പാടുന്നു.

ഗോത്രകവിത
[പ്രകാശ് ചെന്തളം]

## വായിക്കാം, കണ്ടെത്താം

- കവിത വായിച്ച്, കാടറിയുന്ന ആൾ പറഞ്ഞതെന്തെന്ന് കണ്ടെത്തി അവതരിപ്പിക്കൂ.
- കാടിന്റെ ഏതെല്ലാം സവിശേഷതകളാണ് കവിതയിൽ വർണ്ണിച്ചിരിക്കുന്നത്?
- 'നമ്മ നട്ടെ കാടലെ' എന്ന് കവി പറയുന്നതെന്തുകൊണ്ട്?

## വിശകലനംചെയ്യാം, കുറിപ്പ് തയ്യാറാക്കാം

- "കാട്ക്ക് ഒരിവാസ ഇണ്ട് "
- "വളന്ത കാട് ഇണ്ണ്
  കണ്ണ്ക്ക് മാത്തറം"

  ഈ വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## കാടിന്റെ പാട്ട്

"പറഞ്ഞുവച്ച കഥപോലെ
കാട് അങ്ങനെ പാടുന്നു."

കാട് പാടിയതെന്താവാം? എഴുതിനോക്കൂ.

## പ്രാദേശികഭാഷയിലേക്ക്

കാട് മക്ക റങ്കിയ കാട്
വളന്ത കാട് പോറ്റിയ കാട്
വളന്ത കാട് ഇണ്ണ്
കണ്ണ്ക്ക് മാത്തറം.

ഈ വരികൾ നിങ്ങളുടെ പ്രദേശത്തെ സംസാരഭാഷയിലേക്കു മാറ്റിയെഴുതുക

## താരതമ്യം ചെയ്യാം

'കാട് ആരത്'? എന്ന കവിതയിലെ പദങ്ങളും 'കാട് ആരുടേത്'? എന്ന കവിതയിലെ പദങ്ങളും താരതമ്യം ചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയെഴുതുക.

## നഞ്ചിയമ്മയുടെ പാട്ട്

"കളക്കാത്ത സന്ദനമര
വെഗു വെഗാ പൂത്തിരിക്ക്
പൂപറിക്കാ പോകിലാമോ
വിമാനത്തെ പാക്കിലാമോ ....

തില്ലേലെ ലേ.. ലെ ലേ ലെ
ലേ ലേ ലേ.. ലേ ലോ..ലോ

തെക്കാത്ത സന്ദനമര
വെഗു വെഗാ പൂത്തിരിക്ക്
പൂപറിക്കാ പോകിലാമോ
വിമാനത്തെ പാക്കിലാമോ"



നഞ്ചിയമ്മയുടെ പാട്ടിൽ നിങ്ങളെ ഏറെ ആകർഷിച്ചതെന്താണ് ?

## പ്രതികരണക്കുറിപ്പ് തയ്യാറാക്കാം

"ഞങ്ങൾക്ക് പാട്ട് പഠിക്കേണ്ട കാര്യമില്ല. പാട്ട് പിറപ്പിലേ ഉണ്ട്. ഞങ്ങൾ ജനിക്കുമ്പോൾ മുതൽ പാട്ടാണ്. ഒരു ജീവിതത്തിൽ കേട്ടുതീരില്ല ഞങ്ങളുടെ പാട്ടുകൾ. ആയിരം മരങ്ങളും കിളികളും ഇല്ലേ ഞങ്ങൾ പിറക്കുന്നിടത്ത്. ആൽമരം വീശണ പോലല്ല കാട്ടുമാവ്. ഓരോന്നാണ്. കിളികൾക്ക് ആയിരം പാട്ടാണ്. ഓരോന്ന്. കുയിൽ വേറെ. കാക്ക വേറെ." [നഞ്ചിയമ്മ]

ഗോത്രജനത മണ്ണിനെയും മഴയെയും സസ്യങ്ങളെയും മനുഷ്യരെയും തനിക്കുചുറ്റുമുള്ള സർവചരാചരങ്ങളെയും അവരുടെ ആവാസവ്യവസ്ഥയുടെ ഭാഗമെന്നപോലെ കരുതുന്നവരാണ്. നഞ്ചിയമ്മ പറയുന്ന കാര്യങ്ങളും കവിതയിലെ ആശയവും പരിഗണിച്ച് പ്രസ്താവനയോട് പ്രതികരിച്ച് കുറിപ്പ് തയ്യാറാക്കുക.

***കാട് ഒന്നായി നിൽക്കുന്നു...***
***നാട് ഒന്നൊന്നായി നിൽക്കുന്നു.***

# കിണറ്റിൽവീണ പൂച്ചയെ എങ്ങനെ കയറ്റാം

യോഗം തുടങ്ങുന്നതിനുള്ള സമയമാകാറായി. സംഘാടകർ എത്തിക്കഴിഞ്ഞു. ഞാൻ കുളിച്ചൊരുങ്ങുകയാണ്.

പെട്ടെന്നാണ് ഉമ്മ വാതിൽക്കൽ:

"മോനേ, നമ്മുടെ കിണറ്റിൽ ഒരു പൂച്ച വീണു..."

കുളിക്കുന്നതിനിടയിൽ എന്തോ ശബ്ദം കേട്ടപോലെ തോന്നിയിരുന്നു. അതിതായിരിക്കും സംഭവം.

ഞാൻ കുപ്പായക്കുടുക്കുകളിട്ടുകൊണ്ട് ഉമ്മയുടെ പിറകെ നടന്നു. കിണറ്റിൻകരയിലെത്തിയപ്പോൾ ഉമ്മ ചൂണ്ടിയ ഭാഗത്തേക്ക് നോക്കി. വെള്ളത്തോടു ചേർന്നുകിടക്കുന്ന പടവിൽ ഒരു മാളത്തിൽ അതാ പൂച്ച. പൂച്ച ഞങ്ങളെത്തന്നെ ഭയത്തോടെ നോക്കിക്കൊണ്ട് 'മ്യാവൂ' ശബ്ദം പുറപ്പെടുവിക്കുന്നു.

എന്താണ് ചെയ്യേണ്ടതെന്നറിയാതെ നിസ്സഹായതയോടെ ഞാൻ ഉമ്മയുടെ മുഖത്തുനോക്കി. ഉമ്മയുടെ മുഖത്ത് ചിരി.

"ഇന്നെക്കൊണ്ട് ഒന്നിനും ആവൂല. പ്രസംഗിക്കാനല്ലാതെ വേറെന്തറിയാം ഇനിക്ക്? ന്റെ പെണ്ണ്ങ്ങള്ണ്ടെങ്കില് ഒരു വയി ഓള് കാണ്വായിരുന്നു. എനിക്കാണെങ്കില് ശരിക്കു കണ്ണും പിടിക്കൂല."

ഭാര്യ അതിരാവിലെതന്നെ അവളുടെ പറമ്പിൽ പണി നടക്കുന്നതുകൊണ്ട് അങ്ങോട്ട് പോയിരിക്കുകയായിരുന്നു. ഇനിയിപ്പോൾ അവൾ വരാൻ കാത്തിരിക്കുക എന്നു പറഞ്ഞാൽ കുറച്ചിലല്ലേ? എന്താണൊരു പരിഹാരം?

ഉമ്മതന്നെ പരിഹാരം പറഞ്ഞു:

"ഇന്നെ പ്രസംഗിക്കാൻ വിളിക്കാൻ വന്നോരില്ലേ? ഓലെ വിളിക്ക്." അതൊരു ബുദ്ധിയാണെന്ന് എനിക്കും തോന്നി. കാസിമും അനന്തനുമൊക്കെ വരാന്തയിലുണ്ട്. അവരോട് വിവരം പറയാം.

"എന്നാൽ പുറപ്പെടുകയല്ലേ?"

എന്നെ കണ്ടതും കാസിം ചോദിച്ചു.


"ഒരു ചെറിയ പ്രശ്നേണ്ട് കാസിമേ." ഞാൻ വിഷയത്തിലേക്കു വന്നു. "ഇവിടുത്തെ കിണറ്റില് ഒരു പൂച്ച വീണു."

"പൂച്ചയോ? എപ്പൊ?"അനന്തന് ജിജ്ഞാസ.

ഞങ്ങളെല്ലാവരും കിണറ്റിൻകരയിലേക്ക് നടന്നു.

"മീറ്റിങ്ങ് തുടങ്ങേണ്ട സമയമായി. ഇനിയിപ്പൊ പൂച്ചയെ പുറത്തെടുക്കാതെ ആളെ വിളിച്ചിറക്കുന്നത് ശരിയല്ലല്ലോ."

അനന്തൻ കാസിമിനോട് ഒച്ചയുയർത്താതെ പറയുന്നതു കേട്ടു. എനിക്കത് ഒരാശ്വാസമായി. ഇവർ പൂച്ചയെ കരകേറ്റിയിട്ടേ അടങ്ങൂ. എനിക്ക് ഉമ്മയുടെ മുമ്പിലും ഭാര്യ വന്നാൽ അവളുടെ മുമ്പിലും ഒരു നിലനിൽപ്പായി. അല്ലെങ്കിൽ ഭാര്യയുടെ വക ഒരു... ഒരു... ഇതുണ്ടാവും.



"ഒരു പൂച്ച കിണറ്റില് വീണിട്ട് അതിനെ പുറത്തെടുക്കാൻ വയ്യാത്ത നിങ്ങളാണോ ഈ നാട്ടിൽ സംസ്കാരമുണ്ടാക്കാൻ നടക്കുന്നത്! സാംസ്കാരികനായകൻ പോലും...!" കുട്ടികളും ചിരിക്കും.

പൂച്ചയെ എങ്ങനെ കരകേറ്റാം? തിയറി എനിക്കറിയാം. പക്ഷേ, പ്രാക്ടിക്കൽ... അതാണ് വിഷമം. അതുപക്ഷേ, ഭാര്യയോടെങ്ങനെ പറയും?

എനിക്കറിയാവുന്ന തിയറിയിൽ ആദ്യത്തേത് പ്രാക്ടിക്കലാക്കാൻ നോക്കുകയാണ് കാസിം.

അയാൾ തൊട്ടി കിണറ്റിലിട്ട് പൂച്ചയെ തൊട്ടിക്കകത്താക്കാനുള്ള ശ്രമത്തിലാണ്. 'പൂച്ചേ നീ രക്ഷപ്പെട്ടോ' എന്ന മട്ടിലാണ് ഞങ്ങളെല്ലാവരുടെയും നിൽപ്പ്. പൂച്ചയാകട്ടെ, 'നിങ്ങൾ എന്നെ അപായപ്പെടുത്തുകയാണോ' എന്ന മട്ടിലാണ് ഞങ്ങളെ നോക്കുന്നതും ഭയന്ന് ഇടതടവില്ലാതെ കരയുന്നതും.

നേരത്തേ മാടിയിലിരുന്ന് പുറത്തേക്ക് തലയിട്ടിരുന്ന പൂച്ച, തൊട്ടി അരികിലേക്ക് നീങ്ങിയപ്പോൾ പതുക്കെ തല ഉള്ളിലേക്കു വലിച്ചു. കാസിമിന്റെ ശ്രമം വിജയിക്കുന്നതില്ലെന്നു കണ്ട് അനന്തന് ഒരുകൈ നോക്കണമെന്നായി.

“നീ നിൽക്കുന്ന ആ പൊസിഷൻ ഒന്നു മാറിനോക്കിയാൽ ചിലപ്പൊ...”അയാൾ തൊട്ടി വാങ്ങി തെല്ലപ്പുറത്തു നിന്ന് ഉത്സാഹം തുടങ്ങി. തൊട്ടികൊണ്ട് പൂച്ചയെ തല്ലുന്ന രീതിയിലായി അനന്തന്റെ നീക്കം.

പൂച്ച പിടഞ്ഞ് വെള്ളത്തിൽ വീണു. അത് വേവലാതിയോടെ ഒന്നു നീന്തി വീണ്ടും മാടിപറ്റി.

“വെള്ളത്തില് വീണ് പൂച്ച നേരത്തേ മാടിയിൽ അഭയം തേടിയതാവും. ഇപ്പൊ വീണ്ടും വെള്ളത്തില് വീണു. രോമം വെള്ളത്തിലായിട്ടുണ്ടാവൂന്ന് തീർച്ച്യാ...”

കാസിമിനോടും അനന്തനോടുമൊപ്പമുണ്ടായിരുന്ന മൂന്നാമൻ – അയാളെ എനിക്കു നല്ല മുഖപരിചയമുണ്ടെങ്കിലും പേര് ബാബു എന്നാണെന്ന് മനസ്സിലാക്കുന്നത് പൂച്ചപിടുത്തത്തിനിടയിലാണ് – പറഞ്ഞു.

ബാബുവും എന്നെപ്പോലെ ഒരു തിയറിക്കാരനാണെന്നു തോന്നുന്നു. ഭാവംകൊണ്ടും ചലനംകൊണ്ടും വാക്കുകൊണ്ടും കാസിമിനെയും അനന്തനെയും പ്രോത്സാഹിപ്പിക്കാനല്ലാതെ സ്വന്തം നിലയിൽ ഒന്നും ചെയ്യാൻ ആളിന് ഒക്കുന്ന ഒരു സൂചനയും ഇതുവരെ കിട്ടിയിട്ടില്ല.

“പൂച്ചരോമം വെള്ളത്തിലായാല് പള്ളവേദനയ്ക്ക് വേറെവിടേം പോണ്ട.” ഉമ്മയ്ക്ക് ബേജാറ്.

“കിണറൊന്ന് നന്നായി മുക്ക്യാ മതി...” അനന്തൻ.

“അതുവേണോ. ഉമിയോ കരിക്കട്ടയോ കുമ്മായമോ ഇട്ട് ഒന്ന് ശുദ്ധീകരിച്ചാ പോരേ?” എന്റെ വക.

“ഇതൊക്കെ ചെയ്യാൻ പൂച്ച കരയ്ക്കെത്തണ്ടെ സർ,” കാസിം എന്നോടായി തുടർന്നു: “ഒരു കണ്ണാടിക്കൂട്ട കിട്ട്യാല് ചെലപ്പം പൂച്ച കയറ്വായിരിക്കും. ഇവിടെ കണ്ണാടിക്കൂട്ടയുണ്ടോ?”

ഉദ്ഘാടകനെ ക്ഷണിക്കാൻ പോയവർ എത്താൻ താമസിച്ചതുകൊണ്ട് സമ്മേളനസ്ഥലത്തുനിന്നും ചിലർ തിരക്കിവരാൻ തുടങ്ങിയിരുന്നു. എനിക്ക് വലിയ പ്രയാസവും തമാശയും തോന്നി. ഇതിനകം ഞാൻ എത്രയോ യോഗങ്ങളിൽ പങ്കെടുത്തു. ഇന്നുവരെ യോഗത്തിനു പുറപ്പെടാൻ തുടങ്ങുമ്പോൾ ഒരു പ്രശ്നവുമുണ്ടായിട്ടില്ല. ഈ യോഗമാണെങ്കിൽ വീടിന് വളരെ അടുത്തും. സൂക്ഷ്മമായി യോഗസ്ഥലത്തുനിന്നുള്ള പാട്ടു കേൾക്കാം. അല്ലെങ്കിൽ കവിത.

എന്റെ വീട്ടിൽ കുറേയധികം ആളുകളെക്കണ്ട് അയൽക്കാരും ഇങ്ങോട്ടേക്ക് വരാൻ തുടങ്ങി. കിണറും പരിസരവും പതുക്കെ ആളുകളെക്കൊണ്ട് നിറയുകയായി.

പടിഞ്ഞാറേവീട്ടിലെ കാദർ കണ്ണാടിക്കുട്ടയുമായെത്തി. അയാൾ കയറിൽനിന്ന് തൊട്ടിയഴിച്ച് കുട്ടകെട്ടി കിണറ്റിലിട്ടു.

കാസിമും അനന്തനും ബാബുവും ഇപ്പോൾ ചിത്രത്തിലില്ല. പുതുതായെത്തിയവരുടെ കോർട്ടിലാണിപ്പോൾ പന്ത്. കാസിമും മറ്റും വല്ലാതെ അക്ഷമരാണെന്ന് എനിക്ക് മനസ്സിലായി. അവർ ഇടയ്ക്കിടെ വാച്ച് നോക്കുന്നുണ്ട്. യോഗം വളരെ വൈകുന്നു. പൂച്ച പുറത്തുകടന്നുമില്ല!

പഠിച്ചപണി പതിനെട്ടും നോക്കിയിട്ടും പൂച്ച കുട്ടയിൽ കയറുന്നില്ല. ഇതിനകം അത് പലകുറി വെള്ളത്തിൽ വീഴുകയും മാളം പറ്റുകയും ചെയ്തിരുന്നു. പൂച്ച ക്ഷീണിച്ചിട്ടുണ്ട്. പൂച്ചയുടെ ശബ്ദവും ക്ഷീണിച്ചിട്ടുണ്ട്.

"ഒരു എക്സ്പർട്ടില്ലാത്തതാ പ്രശ്നം. ഉണ്ടായിര്ന്നെങ്കില് പത്തു പൂച്ചയെ പുറത്തെടുക്കാനുള്ള സമയമായി." ബാബു ആത്മഗതംപോലെ പറഞ്ഞു. എനിക്കും അങ്ങനെ തോന്നുന്നുണ്ടായിരുന്നു. ഒരു വിദഗ്ധന്റെ അഭാവം തന്നെയാണ് പ്രശ്നം.

സമ്മേളനസ്ഥലത്തുള്ള മുഴുവൻ പേരും മുഖ്യാതിഥിയുടെ വീട്ടിലെ വിശേഷമറിഞ്ഞ് എന്റെ വീട്ടിലെത്തിയിരിക്കയാണ്. അവർ ഉന്തിയും തള്ളിയും കിണറ്റിലെ കാഴ്ച കാണാൻ തിടുക്കപ്പെടുന്നു.

"കുട്ട കുറച്ചുകൂടി പൂച്ചയ്ക്കടുത്തേക്ക് പിടിക്ക്."

കൂട്ടത്തിലാരോ പറഞ്ഞു.

അതുവരെ കുട്ടയും ചുഴറ്റി വിഷമിച്ചു നിൽക്കുകയായിരുന്ന കാദർക്കതൊരു പിടിവള്ളിയായി.

"എന്നാൽ നീയൊന്ന് പിടിച്ചുനോക്ക്." കാദർ കയറ് കുഞ്ഞിക്കണാരന് കൈമാറി.

"കുട്ടയിൽ കുറച്ച് ചോറും മീനുമിട്ടു കൊടുത്താൽ പൂച്ച കയറും." ആരോ വിളിച്ചുപറഞ്ഞു.

"ഒരു എലിയെ പിടിച്ച് കുട്ടയിൽ കെട്ടിയിട്ടാൽ മതി. അതാ നല്ലത്..." മറ്റൊരാളുടെ വക.

"എന്നാൽ താൻ പോയി എലിയെയും പിടിച്ചുവാടോ..." സാംസ്കാരിക സമ്മേളനം സമയത്തിനു തുടങ്ങാനാവാത്തതിൽ ഏറെ അസ്വസ്ഥപ്പെടുന്ന ഗാനമേളയുടെ മാനേജർ പറഞ്ഞു. സാംസ്കാരികസമ്മേളനം കഴിഞ്ഞിട്ടുവേണം ഗാനമേള തുടങ്ങാൻ. അതിനുശേഷം ഇന്നുതന്നെ മറ്റൊരു പ്രോഗ്രാമുണ്ട്.

ഉമ്മയെവിടെ? ഇതിനിടയിൽ ഞാൻ ഉമ്മയെ നോക്കി. ഉമ്മയെ കാണാനില്ല. ഉമ്മ അടുക്കളയിലേക്ക് പിൻവലിഞ്ഞിരിക്കുകയാണ്. പൂച്ചക്കാര്യം ജനകീയപ്രശ്നമായ നിലയ്ക്ക് തനിക്കിനി ഇതിൽ കാര്യമില്ലെന്ന് ഉമ്മ കരുതിക്കാണും.

"കിണറ്റിലിറങ്ങാൻ പറ്റിയ ആരെങ്കിലും ഒന്ന് കിണറ്റിലിറങ്ങി പൂച്ചയെ പിടിച്ച് കുട്ടയിലിട്ടാൽ നമുക്ക് വേഗം സമ്മേളനം നടത്താം..."കാസിം അനന്തനോട് അടക്കം പറഞ്ഞു.

വീണ്ടും കാസിമും അനന്തനും ബാബുവും സജീവമാവുകയായിരുന്നു. അനന്തൻ ഒരു 'പാന്തോൻകുടുക്കുമായി' പൂച്ചയുടെ എതിർദിശയിലെ പടവിലിറങ്ങിനിന്നു. അയാൾ കുരുക്ക് പൂച്ചയുടെ കഴുത്ത് ലക്ഷ്യമായി എറിയുകയാണ്. പൂച്ച ഒറ്റച്ചാട്ടം. പേടിച്ചരണ്ട അനന്തനും വെള്ളത്തിൽ. ഇപ്പോൾ രണ്ടുപേരും നീന്തുകയാണ് - പരസ്പരം രക്ഷപ്പെടാൻ.

ഒടുക്കം ധൈര്യം സംഭരിച്ച അനന്തന്റെ ശ്രമം സഫലമായി. കഴുത്തിൽ കുരുക്കുവീണ പൂച്ചയിതാ കുട്ടയിൽ.

കാസിം പൊക്കിക്കൊണ്ടുവന്ന കുട്ടയിൽനിന്നും ആത്മരക്ഷാർഥം പൂച്ച കരയിലേക്കെടുത്തുചാടി, ആൾക്കൂട്ടത്തിനിടയിലൂടെ ഓടിമറഞ്ഞത് നിമിഷം കൊണ്ട്.

ആ ഭാഗത്ത് ജനമിളകി.

ഒരാരവമുയർന്നു.

പൂച്ചക്കേസ് കഴിഞ്ഞതോടെ ആളുകൾ പിരിഞ്ഞുപോകാൻ തുടങ്ങി. കാസിമും അനന്തനും വാട്ടർടാപ്പിനടുത്തുചെന്ന് കൈയും കാലും മുഖവും കഴുകുകയാണ്. ബാബുവും ഈ കർമ്മമനുഷ്ഠിക്കുന്നുണ്ട്. വെറുതെ ഒച്ചവയ്ക്കുക മാത്രം ചെയ്ത വേറെ ചിലരും ശരീരശുദ്ധീകരണത്തിലാണ്.

"നിങ്ങളെല്ലാം യോഗസ്ഥലത്തേക്ക് നടക്കിൻ. ഞങ്ങളിപ്പം വരാം..." തോർത്തുകൊണ്ട് കൈ തുടയ്ക്കുന്നതിനിടയിൽ കാസിം പറഞ്ഞു.

മുഴുവൻ ആളുകളുമൊഴിഞ്ഞു.

കാസിമും അനന്തനും ഞാനും യോഗസ്ഥലത്തെത്തുമ്പോൾ വിജനമായ മൈതാനം. മൈതാനമധ്യത്തിൽ ഒരു പശുക്കുട്ടി അലയുന്നു. സ്റ്റേജിനടുത്ത് ഒരു മൈക്ക് ഓപ്പറേറ്ററും അസിസ്റ്റന്റും മാത്രം.

ഞങ്ങൾ അന്തംവിട്ട് നിൽക്കുകയാണ്.

കാസിമിന്റെ സംഭ്രാന്തിയോടെയുള്ള ചോദ്യത്തിന് മൈക്ക് ഓപ്പറേറ്റർ പറഞ്ഞു:

"കാസിംക്കാ, എല്ലാരുടെ കിണറ്റിലും പൂച്ച വീണിട്ടുണ്ട്. വിളിക്കാൻ ആളുവന്നിട്ട് ഓരോര്ത്തരും അവരവര്ടെ വീട്ടിലേക്ക് പോയിരിക്ക്യാ...."

എന്റെ പ്രിയപ്പെട്ട കഥകൾ
[അക്ബർ കക്കട്ടിൽ]

## കണ്ടെത്താം, എഴുതാം

- കിണറ്റിൽ വീണ പൂച്ചയെ രക്ഷിക്കാൻ നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാം?
- കിണറ്റിൽ വീണ പൂച്ചയെ പുറത്തെടുക്കാൻ ഉമ്മ നിർദേശിച്ച പരിഹാരമെന്ത്?
- "ഇപ്പോൾ രണ്ടുപേരും നീന്തുകയാണ് - പരസ്പരം രക്ഷപ്പെടാൻ." സന്ദർഭം കണ്ടെത്തിയെഴുതുക.

## എന്റെ ഭാഷയിലേക്ക്

"ഇന്നെക്കൊണ്ട് ഒന്നിനും ആവൂല. പ്രസങ്ങിക്കാനല്ലാതെ വേറെന്തറിയാം ഇനിക്ക്? ന്റെ പെണ്ണ്ങ്ങള്ണ്ടെങ്കില് ഒരു വയി ഓള് കാണ്വായിരുന്നു. എനിക്കാണെങ്കില് ശരിക്ക് കണ്ണും പിടിക്കൂല..."

- ഈ കാര്യം നിങ്ങളുടെ പ്രദേശത്തായിരുന്നെങ്കിൽ എങ്ങനെയായിരിക്കും പറയുക? കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പ്രാദേശികഭാഷയിലേക്ക് മാറ്റിയെഴുതുക.

## ഭാവാത്മകമായി വായിക്കാം

"അയാൾ തൊട്ടി കിണറ്റിലിട്ട് പൂച്ചയെ തൊട്ടിക്കകത്താക്കാനുള്ള ശ്രമത്തിലാണ്. 'പൂച്ചേ നീ രക്ഷപ്പെട്ടോ' എന്ന മട്ടിലാണ് ഞങ്ങളെല്ലാവരുടെയും നിൽപ്പ്. പൂച്ചയാകട്ടെ, 'നിങ്ങൾ എന്നെ അപായപ്പെടുത്തുകയാണോ' എന്ന മട്ടിലാണ് ഞങ്ങളെ നോക്കുന്നതും ഭയന്ന് ഇടതടവില്ലാതെ കരയുന്നതും."

- ഈ ഭാഗം ഭാവാത്മകമായി വായിക്കൂ. മികച്ച ഭാവാത്മകവായനയുടെ സൂചകങ്ങൾ വികസിപ്പിക്കൂ. ക്ലാസിലൊരു വായനമത്സരം സംഘടിപ്പിക്കൂ.

## ശൈലി വിശദീകരിക്കാം


| ശൈലി | വിശദീകരണം |
|---|---|
| പഠിച്ചപണി പതിനെട്ടും നോക്കി. | അറിയാവുന്ന എല്ലാ വിദ്യകളും പ്രയോഗിച്ചുനോക്കി. വിജയം കണ്ടില്ല. ഈ ശൈലി കളരിപ്പയറ്റ് എന്ന ആയോധനകലയിൽനിന്നു വന്നതാണ്. |
| | |

പാഠഭാഗത്തുനിന്ന് കൂടുതൽ ശൈലികൾ കണ്ടെത്തി വിശദീകരിക്കുക.

## സന്ദർഭം കണ്ടെത്താം

ദുർബലരോടും സഹായമാവശ്യമുള്ളവരോടും അനുതാപപൂർണ്ണമായ ഇടപെടൽ ഉറപ്പാക്കുക എന്നത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണല്ലോ. കഥയിൽ ഈ കാഴ്ചപ്പാട് പ്രതിഫലിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.

## കാർട്ടൂൺ വിശകലനം ചെയ്യാം



കാർട്ടൂൺ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ദൃക്സാക്ഷിവിവരണം തയ്യാറാക്കാം

കിണറ്റിൽവീണ പൂച്ചയെ രക്ഷിക്കുന്ന ഭാഗം ദൃക്സാക്ഷിവിവരണമായി അവതരിപ്പിക്കുക.

## സംവാദം നടത്താം

"എല്ലാരുടെ കിണറ്റിലും പൂച്ച വീണിട്ടുണ്ട്. വിളിക്കാൻ ആളു വന്നിട്ട് ഓരോര്ത്തരും അവരവര്ടെ വീട്ടിലേക്ക് പോയിരിക്ക്യാ."

ഇവിടെ കഥാകാരൻ 'കിണറ്റിൽവീണ പൂച്ച'യെ ഒരു പ്രതീകമായാണോ അവതരിപ്പിച്ചിരിക്കുന്നത്.ഇത്തരം പ്രശ്നങ്ങൾ ഒറ്റയ്ക്കാണോ കൂട്ടായിട്ടാണോ പരിഹരിക്കേണ്ടത്? സ്വന്തം വാദമുഖങ്ങൾ യുക്തിപൂർവം സമർഥിച്ച് സംവാദം നടത്തുക.

## നാടകം കളിക്കാം

കഥ വായിച്ചല്ലോ? കഥയിലെ നാടകീകരണസാധ്യതയുള്ള സന്ദർഭങ്ങൾ കണ്ടെത്തി നാടകമായി അവതരിപ്പിക്കുക.

## കഥയെഴുതാം

- "പൂച്ചയാകട്ടെ, 'നിങ്ങൾ എന്നെ അപായപ്പെടുത്തുകയാണോ' എന്ന മട്ടിലാണ് ഞങ്ങളെ നോക്കുന്നതും ഭയന്ന് ഇടതടവില്ലാതെ കരയുന്നതും."
- "പൂച്ച പിടഞ്ഞ് വെള്ളത്തിൽ വീണു. അത് വേവലാതിയോടെ ഒന്നു നീന്തി വീണ്ടും മാടിപറ്റി."

പൂച്ചയുടെ പക്ഷത്തു നിന്നുകൊണ്ട് ഈ കഥ മാറ്റിയെഴുതുക.

## ഉപന്യാസം തയ്യാറാക്കാം

യൂണിറ്റിലെ പാഠഭാഗങ്ങൾ വിലയിരുത്തി 'സമകാലിക സാമൂഹികപ്രശ്നങ്ങൾ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.



# 3

# തിരമുറിച്ച് കനവ്നെയ്തവർ



## ഇരുട്ടിൽ പൊതിഞ്ഞ തിരിനാളം

എല്ലാം നശിച്ചുപോയിട്ടില്ല, പോകില്ല
വല്ലതും ശേഷിക്കുമെന്നു വിചാരിക്കെ
എന്തെന്തിതെൻ കരളിലാനന്ദവും
മിഴിയിൽ വിശ്വാസവും പുതിയ
ഭാവിയുടെ തെളിവാർന്ന ജൈവപ്രഭാവവും

[പുനലൂർ ബാലൻ]

- പ്രതീക്ഷയുടെ ഏതെല്ലാം ഭാവങ്ങളാണ് കവിതയിൽ തെളിയുന്നത്?
- മനുഷ്യജീവിതത്തിൽ ഇത്തരം പ്രതീക്ഷകളുടെ ആവശ്യം ചർച്ചചെയ്യുക.

*ഗ്രാമത്തിൽനിന്ന് നഗരത്തിലേക്ക്*
*ഇരിക്കാൻ ചില്ലതേടി ഒരു പക്ഷി*

# നാളത്തെ പൊന്മാൻ



ആറ്റിറമ്പ് എന്നു പേരായ ഞങ്ങളുടെ നാടിന് പൊന്മാനുകളുടെ നാട് എന്നൊരു ഖ്യാതിയുണ്ട്. കണക്കധ്യാപികയായ എന്റെ ഭാര്യ ലീലയുടെ കണക്കനുസരിച്ച്, ശരാശരി ആറുമരത്തിന് ഒരു പൊന്മാൻ എന്ന അനുപാതത്തിൽ പൊന്മാനുകളുണ്ട്. ആറ്റുതീരമരച്ചില്ലകളിൽ പകലന്തിയോളം ആറ്റിലേക്കുതന്നെ അവ നോക്കി നോക്കി ഇരിക്കുന്ന ഒരു നാടാണ് ഇത്. വർഷകാലങ്ങളിൽ, പുഴ കലങ്ങിമറിഞ്ഞു കുത്തിയൊഴുകുന്ന നാളുകളിൽ പൊന്മാനുകളുടെ ഒരാഹ്ലാദം കാണണം! പുഴവെള്ളത്തിന്റെ ചുളിഞ്ഞ പ്രതലത്തിൽ ചാടിമറിയുന്ന മീനുകളുടെ വെള്ളിത്തിളക്കങ്ങൾ ഏറിയേറിവരുമ്പോൾ അവറ്റകൾ ശരവേഗത്തിൽ ആറിന് അക്കരെയിക്കരെ പറന്നു നടന്ന് ഉറക്കെ ചിലച്ച് കൂട്ടുകാരെ എല്ലാം വിളിച്ചുകൂട്ടും. എന്നിട്ട് ഓരോരുത്തരായി, വേടന്റെ വില്ലിൽനിന്നും എയ്തുവിട്ട അമ്പിന്റെ വേഗത്തിൽ പുഴവെള്ളത്തിലേക്ക് ആഞ്ഞുകുതിച്ചു ചെന്ന് ഓരോരോ മീനുകളെ കൊത്തിയെടുത്ത്, അതിലേറെ വേഗത്തിൽ മരച്ചില്ലകളിലേക്ക് തിരികെപ്പായുന്ന ആ കാഴ്ച ഒന്ന് കാണേണ്ടതു തന്നെയാണ്. എന്തൊരു കൃത്യത ! എന്തൊരു ചാതുര്യം !

ഇപ്പോൾ പക്ഷേ വേനൽക്കാലമാണ്. പുഴ ഒഴുക്കെല്ലാം നിലച്ച്, ഒരഴുക്കുചാൽപോലെ കിടക്കുന്നു. മരക്കൊമ്പുകളിൽ ഒറ്റയ്ക്കൊറ്റയ്ക്ക് കാണുന്ന പൊന്മാനുകൾ എല്ലാം ദുഃഖിതരാണ്, മൂകരും. മീനിളക്കങ്ങൾ നോക്കി നോക്കിയിരുന്ന് കണ്ണുകഴച്ച് ഉറക്കം തൂങ്ങിയിട്ടെന്നപോലെ കുനിഞ്ഞുകൂടി ഇരിക്കുന്ന അവയ്ക്ക് വല്ലപ്പോഴുമാണ് ഒരു മീനിനെ വാക്കിനു കിട്ടുന്നത്.

അങ്ങനെയിരിക്കെയാണ് നഗരപ്രാന്തങ്ങളിൽ കഴിഞ്ഞയിടയ്ക്ക് പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്ന പരദേശികളായ ആ മീൻപിടുത്തക്കാരുടെ സംഘം ഇന്നലെ കാലത്ത് ഞങ്ങളുടെ പുഴയിലേക്കും ആക്രമിച്ചുകയറിയത്. മലർത്തിയിട്ട ഓലക്കുടയുടെ ആകൃതിയുള്ള വള്ളങ്ങളിൽ പുലർച്ചയ്ക്കുതന്നെ അവർ പുഴയിൽ നിരന്നുകഴിഞ്ഞിരുന്നു. ഏറെയും സ്ത്രീകളും കുട്ടികളും അടങ്ങിയ, അഗതികളെപ്പോലെ കാണപ്പെട്ട ഒരു വലിയ സംഘമായിരുന്നു

അവരുടേത്. എന്ത് മന്ത്രമോ മറിമായമോ എന്നറിഞ്ഞില്ല, അവർ പുഴയിലേക്കെറിഞ്ഞ വലകളിലെല്ലാം നിറയെ മീനുകൾ! നാണയങ്ങൾ വാരിവാരിക്കൂട്ടുംപോലെ അവർ വലകളിൽനിന്ന് വള്ളങ്ങളിലേക്ക് മീനുകളെ എറിഞ്ഞുകൊണ്ടിരുന്നു. എന്നിട്ട് നിമിഷനേരം കൊണ്ട് തൊട്ടടുത്ത ഇടത്തേക്ക് വല എറിഞ്ഞു. പിന്നെയും നാണയത്തിളക്കം. പച്ചകുത്തി, നിറയെ കുപ്പിവളകളുമിട്ട കൈകൾ വാരിവാരി എറിയുന്ന മീനുകൾ... അങ്ങനെ പുഴയിലെ ജലപ്പരപ്പ് മുഴുവൻ വലവീശിക്കഴിഞ്ഞ്, കരയിൽ കാണികളായി നിന്നിരുന്ന ഞങ്ങൾ നാട്ടുകാരിൽ ഒരാളുടെപോലും മുഖത്തേക്ക് ഒന്ന് നോക്കാതെ അവർ വന്നവഴി പട്ടണത്തിന്റെ ദിശയിലേക്കുതന്നെ വള്ളങ്ങൾ അതിവേഗം തുഴഞ്ഞുപോയി.

അവർ പോയ പുറകെതന്നെ ഞങ്ങളുടെ നാട്ടിലെ മീൻപിടുത്തക്കാരായ വാറുണ്ണിച്ചേട്ടനും ഗോപിയും പ്രകാശനും മറ്റും പതിവുപോലെ വലവീശാൻ വന്നു. പരദേശികൾ വന്നു മീൻ



പിടിച്ചുകൊണ്ടുപോയ കാര്യം ഞങ്ങൾ അവരോടു പറഞ്ഞതും അവരെല്ലാം പെട്ടെന്ന് ക്ഷുഭിതരായി: "കൊള്ളാം. അതുങ്ങള് വന്ന് ആറ്റിലെല്ലാം വെഷം കലക്കീട്ട് പോയത് നിങ്ങളെല്ലാം ഒന്നും മിണ്ടാതെ നോക്കിനിന്നു, അല്ലേ" എന്നു പറഞ്ഞ് ഞങ്ങളെ ഒന്നാകെ ഭർത്സിച്ചിട്ട്, കോപിഷ്ഠരായി ആറ്റിലേക്ക് വല വലിച്ചെറിഞ്ഞു. ഒരൊറ്റ മീൻപോലും



കിട്ടാതെ വലകൾ വെറും വയറോടെ മടങ്ങുന്ന കാഴ്ച ഞങ്ങളെ കാണിക്കുകയും ചെയ്തു.

“ഓ..നല്ല മര്യാദക്കാര്! ആരും കാണാനില്ലെങ്കിൽ ഇവന്മാരും നഞ്ചു കലക്കിത്തന്നല്ലോ മീൻപിടുത്തം” എന്ന് ആരോ പിറുപിറുത്തതല്ലാതെ ആരും അവരോടു സഹതപിക്കാനൊന്നും നിന്നില്ല.

സന്ധ്യയായതും ആറ്റുതീരത്തെമ്പാടും പൊന്മാനുകൾ പതിവില്ലാതെ ഉച്ചത്തിൽ ചിലയ്ക്കാൻ തുടങ്ങിയിരുന്നു. ഒരുതരം കലമ്പൽ കൂടുമ്പോഴുള്ള കരച്ചിൽ.

ഭൂമികുലുക്കം ഉണ്ടായ കാലം മുതൽ കിളികളുടെ കൂട്ടക്കരച്ചിൽ കേട്ടാലുടൻ ആ അശുഭചിന്തയാണ് എന്റെ മനസ്സിൽ പെട്ടെന്ന് രൂപപ്പെടുക.


“എന്താ... കിളികളെല്ലാംകൂടെ കരയുന്നല്ലോ. പിന്നേം വല്ല ഭൂകമ്പോ മറ്റോ ഒണ്ടാകാൻ പോകുവാണോ” എന്ന് ഞാൻ ലീലയോടായി ചോദിച്ചു.

കണക്കുടീച്ചർ അപ്പോഴും കൃത്യമായിത്തന്നെ കണക്കു കൂട്ടിക്കഴിഞ്ഞിരുന്നു.

“ഓ. ആ ആന്ധ്രാക്കാർ വന്ന് ആറ്റിലെ മീനെല്ലാം പിടിച്ചോണ്ട് പോയില്ലേ? അതുങ്ങള് വെശന്നിട്ട് കരയുകാ”... അവൾ പറഞ്ഞു.

നേരുതന്നെ എന്ന് എനിക്കും തോന്നി. പൊന്മാനുകളുടെ കരച്ചിലിൽ വിശപ്പിന്റെ വിവശത സ്പഷ്ടമായി തെളിഞ്ഞിരുന്നു. രാത്രിനീളെ അവറ്റകൾ കരയുക തന്നെ ആയിരുന്നു എന്നും തോന്നുന്നു. പുലർച്ചെ ഉണരുമ്പോൾ കുറേക്കൂടി ക്ഷീണിതമായിക്കഴിഞ്ഞിരുന്നു ആ കരച്ചിലുകൾ.

വഴിയിൽ പാൽക്കാരന്റെ സൈക്കിൾബെൽശബ്ദം കേട്ടപ്പോൾ ഞാൻ കട്ടിൽവിട്ട് എഴുന്നേറ്റു. പേഴ്സ് എടുത്തു നോക്കുമ്പോൾ ചില്ലറനോട്ടുകൾ ഒന്നുമില്ല. നൂറും അഞ്ഞൂറും മാത്രം. ലീലയെ ഉണർത്തി അവളുടെ കൈയിൽ ചില്ലറയുണ്ടോ എന്നുചോദിച്ചപ്പോൾ “ഓ... ആ നൂറങ്ങോട്ട് കൊടുക്ക്, ബാക്കി തരും.” എന്നു പറഞ്ഞിട്ട് തിരിഞ്ഞു കിടന്നതേയുള്ളൂ.



അതും ശരിയായിരുന്നു. പാൽക്കാരൻ രാജപ്പൻ ഒരനിഷ്ടവും കാട്ടാതെ ബാക്കി പത്തുരൂപാ നോട്ടുകൾ എണ്ണിത്തന്നു. പാലുവാങ്ങി തിരികെ നടക്കുമ്പോഴും കടപ്ലാവിന്റെ കൊമ്പിലിരുന്നു കരയുന്നുണ്ടായിരുന്നു ഒരു വലിയ പൊന്മാൻ. തല ഉയർത്തി നോക്കിയപ്പോൾ അതിന്റെ മഞ്ഞച്ച കണ്ണുകൾ എന്റെ ചെയ്തികൾ നോക്കിക്കൊണ്ടിരുന്നതുപോലെ തോന്നി. എന്തോ പറയുംപോലെ അത് ചിറകൊന്ന് കുടഞ്ഞുകാട്ടുകയും ചെയ്തു. വിശക്കുന്നു എന്നു തന്നെ ആയിരിക്കണം.

പാൽക്കാരൻ പോയിക്കഴിഞ്ഞാൽ ഏറെ വൈകാതെ മീൻകാരൻ ബഷീറും വരും. അതായിരുന്നു ഞങ്ങളുടെ നാട്ടുവഴിയിലെ ഒരു ചിട്ട. അതുകൊണ്ടായിരുന്നു ഞാൻ ബാക്കി കിട്ടിയ നോട്ടുകൾ മുൻമുറിയിലെ ടീപോയിലേക്കുതന്നെ ഇട്ടതും അതേത്തുടർന്ന് ഇനി പറയാൻ പോകുന്ന അദ്ഭുതസംഭവം നടന്നതും.

നേരത്തേ പറഞ്ഞതുപോലെ തന്നെ രാജപ്പൻ പോയി, ഏറെ വൈകാതെ ബഷീറിന്റെ ഒച്ച വഴിയിൽ കേൾക്കാൻ തുടങ്ങി. "ആറ്റുമീൻ... ആറ്റുമീൻ" എന്ന് ഉറക്കെ വിളിച്ചു കൂകിക്കൊണ്ടായിരുന്നു വരവ്. കേട്ടപാടെ, അതിനകം ഉണർന്നെണീറ്റു കഴിഞ്ഞിരുന്ന ലീല അടുക്കളയിൽനിന്ന് പറഞ്ഞു: "ഓ...ഇന്നലെ ആന്ധ്രാക്കാര് പിടിച്ചോണ്ട് പോയ മീൻതന്നെ ആയിരിക്കും."



എന്തുമാവട്ടെ! പേര് ആറ്റിറമ്പെന്നാണെങ്കിലും ഞങ്ങളുടെ നാട്ടിൽ വല്ലപ്പോഴുമാണ് ആറ്റുമീൻ വിൽപ്പനയ്ക്ക് കൊണ്ടുവരുന്നത്. ഇവിടുന്നു പിടിക്കുന്ന മീനെല്ലാം വലക്കാർ പട്ടണത്തിലെ ചന്തയിൽ കൊണ്ടുപോയി വലിയ വിലയ്ക്ക് വിൽക്കുന്നതാണ് പതിവ്. എനിക്കാണെങ്കിൽ പണ്ടേ ആറ്റുമീനിനോട് വലിയ പ്രിയമാണുതാനും.

അതുകൊണ്ട് മീൻ വാങ്ങിയിട്ടുതന്നെ കാര്യം എന്നു തീരുമാനിച്ച്, ഞാൻ ടീപ്പോയിൽ ഇട്ടിരുന്ന നോട്ടുകൾ എടുത്ത് വഴിയിലേക്കു നടന്നു. അപ്പോഴും കേട്ടിരുന്നു കടപ്ലാവിൻ കൊമ്പിൽനിന്ന് പൊന്മാന്റെ ചിറകടി.

ലീല പറഞ്ഞത് ശരിയായിരുന്നു എന്നുതോന്നുന്നു. നല്ല സഹായവിലയ്ക്ക് തന്നെ ആറ്റുമീൻ കിട്ടി. മീനിട്ടുതന്ന കാരിബാഗ് ഇടതുകൈയിലും ബാക്കി വന്ന പത്തുരൂപാ നോട്ടുകൾ വലതുകൈയിലും പിടിച്ചുകൊണ്ട് ഞാൻ വീട്ടുമുറ്റത്തുകൂടി നടന്നുകൊണ്ടിരിക്കെയായിരുന്നു. പെട്ടെന്ന് കടപ്ലാവിൻ കൊമ്പ് കുലുക്കിയിട്ട്, പറന്നു പാഞ്ഞുവന്ന പൊന്മാൻ എന്റെ വലതുകൈയിൽനിന്ന് ഒരു പത്തുരൂപാനോട്ട് കൊത്തിയെടുത്തിട്ട് ബഷീറിന്റെ സൈക്കിളിന് പിന്നാലെ പറക്കാൻ തുടങ്ങി.

**നാളത്തെ പൊന്മാൻ**
**[അയ്മനം ജോൺ]**

## വായിക്കാം കണ്ടെത്താം

- ആറ്റിറമ്പ് എന്ന നാടിന് 'പൊന്മാനുകളുടെ നാട്' എന്ന ഖ്യാതി കിട്ടിയത് എങ്ങനെ?
- വേനൽക്കാലത്ത് പൊന്മാനുകളുടെ അവസ്ഥ എന്ത്?.
- നാട്ടുകാരായ മീൻപിടുത്തക്കാർ ക്ഷുഭിതരായി സംസാരിക്കാനുള്ള കാരണമെന്ത്?

## ഭാവാത്മകമായി വായിക്കാം

കഥ പരിചയപ്പെട്ടല്ലോ. കഥാപാത്രങ്ങളെയും പരിചയപ്പെട്ടു, അവരുടെ വൈകാരികഭാവങ്ങൾ ഉൾക്കൊണ്ട് 'നാളത്തെ പൊന്മാൻ' എന്ന കഥ ഭാവാത്മകമായി വായിക്കുക.

## പത്രാധിപർക്കൊരു കത്ത്

പൊന്മാനുകളെ പട്ടിണിയിലേക്കു നയിച്ച പരിസ്ഥിതി പ്രശ്നങ്ങളുടെ കാരണങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പത്രാധിപർക്ക് കത്തെഴുതാം.

## ഇ-മെയിൽ തയ്യാറാക്കാം

ജലാശയങ്ങളിൽ നഞ്ചുകലക്കി മീൻപിടിക്കുന്നതുപോലുള്ള നിരവധി സാമൂഹികപ്രശ്നങ്ങളുണ്ട്. നിങ്ങളുടെ പ്രദേശത്തുള്ള ഒരു സാമൂഹികപ്രശ്നം പരിഹരിക്കാൻ അധികാരികൾക്ക് അയയ്ക്കുന്നതിനായി ഇ-മെയിൽ തയ്യാറാക്കുക.

## ചിത്രം വരയ്ക്കാം, അനിമേഷൻ തയ്യാറാക്കാം

പാഠഭാഗത്തിലെ ചിത്രീകരണസാധ്യതയുള്ള ആശയങ്ങൾ ചിത്രങ്ങളാക്കി മാറ്റി അനിമേഷൻ തയ്യാറാക്കൂ.

## പ്രയോഗസവിശേഷത കണ്ടെത്താം

- ഏറിയേറി
- ഒറ്റയ്ക്കൊറ്റയ്ക്ക്

ഇങ്ങനെ ഒരേ പദം ആവർത്തിച്ചുപറയുമ്പോൾ ഉണ്ടാവുന്ന സവിശേഷത എന്തെല്ലാം? ചർച്ചചെയ്യുക. ഇതുപോലുള്ള മറ്റു പദങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

## പ്രയോഗവ്യത്യാസം തിരിച്ചറിയാം

- അവർ വന്ന വഴിയെ പട്ടണത്തിന്റെ ദിശയിലേക്കു തന്നെ വള്ളങ്ങൾ അതിവേഗം തുഴഞ്ഞുപോയി.
- കുട്ടിയുടെ കളിപ്പാട്ടം പുഴവെള്ളത്തിലേക്ക് വീണുപോയി.

'പോയി' എന്ന പദത്തിന് ഇവിടെ ഒരേ അർഥമാണോ ഉള്ളത്? എന്തു മാറ്റമാണ് ഉണ്ടായത്? ഇത്തരത്തിലുള്ള കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തുക.

## ചോദ്യാവലി നിർമ്മിക്കാം, അഭിമുഖം നടത്താം

പുഴയിൽ നഞ്ചുകലക്കി മീൻപിടിക്കുന്നതുകൊണ്ടുള്ള പരിസ്ഥിതിപ്രശ്നങ്ങൾ എന്തെല്ലാമെന്ന് പരിസ്ഥിതിപ്രവർത്തകരിൽ നിന്ന് അറിയാൻ ഒരു ചോദ്യാവലി തയ്യാറാക്കുക. പരിസ്ഥിതിപ്രവർത്തകരുമായി അഭിമുഖം നടത്തി റിപ്പോർട്ട് തയ്യാറാക്കാം.

## ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കാം.

'നാളത്തെ പൊന്മാൻ' എന്ന ശീർഷകം ഈ കഥയ്ക്ക് എത്രത്തോളം യോജിച്ചതാണ് എന്ന് വ്യക്തമാക്കുക.

*വെള്ളത്തിൽ മുങ്ങിയ നിലവിളികൾ പടവുകളായി സ്വയം നിവരുന്നു. നമ്മളതിൽ ചവിട്ടിക്കയറുന്നു.*



# കൈകോർത്തവർ പറഞ്ഞത്

ഞങ്ങൾ കൈകോർത്തു
പ്രളയം ഞങ്ങളുടെ കൈകൾക്കുള്ളിലായി
ഞങ്ങൾ കുനിഞ്ഞുനിന്നു
ചവിട്ടിക്കയറാനുള്ള പാറകളായി
ഞങ്ങൾ നിലത്തിരുന്നു
കടന്നുപോകാനുള്ള ചവിട്ടുപടികളായി
ഞങ്ങൾ നിവർന്നുനിന്നു
മുകളിലെത്താനുള്ള കോവണികളായി
ഞങ്ങൾ കമിഴ്ന്നുകിടന്നു
പുഴകടക്കാനുള്ള പാലങ്ങളായി
കണ്ണുകൾകൊണ്ട് ഞങ്ങൾ കപ്പലുകൾ തീർത്തു
ഞങ്ങൾ ശിരസ്സിൽ വിമാനങ്ങളിറക്കി
കാലുകൾകൊണ്ട് ഞങ്ങൾ കോട്ടകൾ കെട്ടി
പാട്ടുകൾകൊണ്ട് ഞങ്ങൾ മതിലുകൾ പൊളിച്ചു
നൃത്തങ്ങൾകൊണ്ട് ഞങ്ങൾ മരണം വെന്നു
ഞങ്ങൾ അതിജീവിക്കുകതന്നെ ചെയ്യും
പ്രാചീനമായ പർവതങ്ങളെപ്പോലെ,
അക്ഷരങ്ങളെപ്പോലെ.

പ്രളയാവസാനം
[സച്ചിദാനന്ദൻ]



## കണ്ടെത്താം, പറയാം

- എന്തിനാണ് അവർ കൈകോർത്തതെന്ന് കവിത വായിച്ച് കണ്ടെത്തുക.
- പ്രളയത്തെ കൈക്കുള്ളിലാക്കിയത് എങ്ങനെ?
- എങ്ങനെയാണ് അവർ മരണത്തെ വെന്നത് ?
- മതിലുകൾ പൊളിച്ചത് എങ്ങനെ?

## കാവ്യഭംഗി കണ്ടെത്താം

- "ഞങ്ങൾ അതിജീവിക്കുക തന്നെചെയ്യും
  പ്രാചീനമായ പർവതങ്ങളെപ്പോലെ,
  അക്ഷരങ്ങളെപ്പോലെ"
- "കണ്ണുകൾകൊണ്ട് ഞങ്ങൾ കപ്പലുകൾ തീർത്തു".
- "ഞങ്ങൾ ശിരസ്സിൽ വിമാനങ്ങൾ ഇറക്കി".
- "പാട്ടുകൾകൊണ്ട് ഞങ്ങൾ മതിലുകൾ പൊളിച്ചു
  നൃത്തങ്ങൾകൊണ്ട് ഞങ്ങൾ മരണം വെന്നു"

ആശയഭംഗി, പ്രയോഗഭംഗി, സമകാലികസംഭവങ്ങൾ എന്നിവ പരിഗണിച്ച് മുകളിൽ നൽകിയ വരികളുടെ കാവ്യഭംഗി കണ്ടെത്തി എഴുതുക.

## താരതമ്യക്കുറിപ്പ് തയ്യാറാക്കാം

### ഐകമത്യം

ഉണക്കച്ചുള്ളിയൊന്നായ്
ഒടിക്കാമേതു ബാലനും
ഒന്നിച്ചൊരു കെട്ടായാൽ
ആനയ്ക്കും സാധ്യമായിടാ
അതിനാലാദ്യമെല്ലാരും
ഉണക്കച്ചുള്ളിയാകുവിൻ
അത്തൽ വിട്ടിട്ടൊരേ കെട്ടിൽ
അമർന്നോർത്തു കിടക്കുവിൻ
ഐകമത്യം മഹാബലം
മഹാവാക്യം മഹാദ്ഭുതം

**ഐകമത്യം**
**[കടമ്മനിട്ട രാമകൃഷ്ണൻ]**

'ഐകമത്യം' എന്ന കവിതയെ പാഠഭാഗത്തിന്റെ ആശയവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ഭാവാത്മകമായി കവിത അവതരിപ്പിക്കാം

"കൈകോർത്തവർ പറഞ്ഞത്" എന്ന കവിത ഭാവാത്മകമായി അവതരിപ്പിക്കുക.

## കവിതയരങ്ങ്, കവിതപ്പതിപ്പ്

- ജീവിതവിജയം പ്രമേയമായിവരുന്ന കവിതകൾ കണ്ടെത്തി കൂട്ടായി ചൊല്ലാം, ആസ്വദിക്കാം. അത്തരത്തിലുള്ള സ്വന്തം കവിതകളും അവതരിപ്പിക്കാം.
- നിങ്ങൾ രചിച്ച കവിതകൾ എഡിറ്റുചെയ്ത് കവിതപ്പതിപ്പ് തയ്യാറാക്കൂ.

## കുറിപ്പ് തയ്യാറാക്കാം

പ്രളയകാലത്തെ പത്രറിപ്പോർട്ടുകൾ ശേഖരിച്ച് വാർത്തകൾ വിശകലനം ചെയ്യുക. വിഷയങ്ങൾ നിശ്ചയിച്ച് കുറിപ്പുകൾ തയ്യാറാക്കുക.

*ജീവനെ കാക്കുന്നു; ഇലയുടെ ഞരമ്പുകൾ.*

# അവസാനത്തെ ഇല

ഡോക്ടർമാർ ന്യൂമോണിയ എന്നു വിളിക്കുന്ന തണുത്ത കരങ്ങളുള്ള അദൃശ്യനായ ഒരു അജ്ഞാതൻ നവംബറിൽ കോളനിയിൽ നടപ്പുതുടങ്ങി; അവിടെയും ഇവിടെയും ഓരോരുത്തരെ തൊട്ടുകൊണ്ട്. ഈ കടന്നുകയറ്റക്കാരൻ കിഴക്കൻ പ്രദേശങ്ങളിൽ സധൈര്യം മുന്നേറി അസംഖ്യം പേരെ വീഴ്ത്തിക്കൊണ്ടിരുന്നു.

മിസ്റ്റർ ന്യൂമോണിയയെ ഒരു മാന്യനെന്നു വിളിക്കാൻ സാധ്യമല്ല. ചുവന്ന മുഷ്ടിയുള്ള, ബുദ്ധിമുട്ടി ശ്വാസംവലിക്കുന്ന ആ അവലക്ഷണം പിടിച്ചവനോട് ആർക്കും മല്ലിടാൻ കഴിഞ്ഞില്ല. കാലിഫോർണിയയിലെ കാറ്റേറ്റ് രോഗിയായ ആ കൃശഗാത്ര ജോൺസിയെയും അവൻ വെറുതെവിട്ടില്ല. അടുത്തുള്ള ഇഷ്ടികവീടിന്റെ നഗ്നമായ ചുമരിലേക്ക് നോക്കി അനങ്ങാതെ തന്റെ കട്ടിലിൽ അവൾ കിടപ്പായി.

ഒരുദിവസം രാവിലെ ഡോക്ടർ അത്ര ശുഭമല്ലാത്ത ഒരു വിവരം പറയാനെന്ന മട്ടിൽ സ്യൂവിനെ വിളിച്ചുപറഞ്ഞു:

"അവൾ രക്ഷപ്പെടാൻ പത്തിലൊന്നുസാധ്യത മാത്രമേയുള്ളൂ. ആ സാധ്യത അവൾക്കു ജീവിക്കാനുള്ള ആഗ്രഹം കൊണ്ടുണ്ടാവുന്നതാണ്. ആളുകൾ ഇങ്ങനെ ശവസംസ്കാരച്ചടങ്ങു നടത്തുന്നവന്റെ കൂടെ മനസ്സുകൊണ്ട് ചേരുന്നത് വൈദ്യശാസ്ത്രത്തെ വളരെ ബാലിശമാക്കിക്കാണിക്കുന്നു. നിങ്ങളുടെ കൂട്ടുകാരി സുഖം പ്രാപിക്കില്ലെന്നു സ്വയം തീരുമാനിച്ചിരിക്കുന്നു. അവൾക്ക് മനസ്സിൽ എന്തെങ്കിലും ആശയുണ്ടായിരുന്നതായറിയാമോ?" ഡോക്ടർ തന്റെ തെർമോമീറ്ററിലെ മെർക്കുറി കുലുക്കി താഴേക്കാക്കി.

"അവൾ...... അവൾക്ക്.... എന്നെങ്കിലും നേപ്പിൾസ് ഉൾക്കടൽ പെയിന്റ് ചെയ്യണമെന്നുണ്ടായിരുന്നു" - സ്യൂ പറഞ്ഞു.

"പെയിന്റു ചെയ്യുകയോ? അതല്ല, ആവർത്തിച്ചു ചിന്തിക്കാൻ കൊള്ളാവുന്ന, അതിനുവേണ്ടി ജീവിക്കാനാഗ്രഹിക്കുന്ന എന്തെങ്കിലും അവളുടെ മനസ്സിലുണ്ടായിരുന്നോ?

"ഇല്ല, ഡോക്ടർ അങ്ങനെയൊന്നും ഇല്ല."സ്യൂ പറഞ്ഞു.

"ശരി, അതൊരു പോരായ്മയാണ്. ശാസ്ത്രത്തിന് ചെയ്യാൻ പറ്റുന്നത്, അതിൽ എന്റെ കൈകളിലൂടെ സാധ്യമാവുന്നതെല്ലാം ഞാൻ ചെയ്യാം."

ഡോക്ടർ പോയിക്കഴിഞ്ഞ് സ്യൂ താൻ ജോലിചെയ്യുന്ന മുറിയിൽ പോയിരുന്ന് കരഞ്ഞുകരഞ്ഞ് ഒരു തൂവാല അപ്പടി നനച്ചു.

ജോൺസിയുടെ കണ്ണുകൾ തുറന്നിരുന്നു, ജനാലയിലൂടെ പുറത്തേക്കു നോക്കിക്കൊണ്ട് അവൾ സംഖ്യകൾ പിന്നോട്ട് എണ്ണുകയായിരുന്നു.

"പന്ത്രണ്ട് " അവൾ പറഞ്ഞു. അല്പം കഴിഞ്ഞ് "പതിനൊന്ന് ". പിന്നെ "പത്ത്, ഒമ്പത് ". പിന്നെ "എട്ട്, ഏഴ് " – ഏതാണ്ടൊരുമിച്ച്.

കാര്യം തിരക്കിക്കൊണ്ട് സ്യൂ ജനാലയിലൂടെ പുറത്തേക്കു നോക്കി. അവിടെയെന്താണ് എണ്ണാനുള്ളത്? അവിടെയാകെ ഒരു ഉണങ്ങിവരണ്ട മുറ്റം മാത്രമേ കാണാനുണ്ടായിരുന്നുള്ളൂ, അകലെ ഒരു ഒഴിഞ്ഞ ഇഷ്ടികച്ചുമരും. വേരുകളും തണ്ടും ദ്രവിച്ച വള്ളിച്ചെടി ആ ചുമരിൽ പകുതിഭാഗം പടർന്നു കയറിയിരുന്നു. ഗ്രീഷ്മത്തിലെ തണുത്ത കാറ്റ് അതിന്റെ ഇലകളെല്ലാം കൊഴിച്ചുകളഞ്ഞിരുന്നതിനാൽ അതിന്റെ ഏറ്റവും ഒടുവിലത്തെ ശാഖകൾ മാത്രം പൊളിഞ്ഞുവീഴാറായ ചുമരിൽ ശേഷിച്ചിരുന്നു.

"എന്താണു മോളേ?" സ്യൂ ചോദിച്ചു.

"ആറ്. ഇപ്പോൾ കൂടുതൽ വേഗത്തിൽ അവ വീഴുന്നുണ്ട്. മൂന്നുദിവസം മുമ്പ് ഏകദേശം നൂറെണ്ണമുണ്ടായിരുന്നു. വീഴുന്നവ എണ്ണാൻ ശ്രമിച്ച് എന്റെ തല വേദനിച്ചിരുന്നു. പക്ഷേ, ഇപ്പോളത് എളുപ്പമാണ്. അതാ, ഒന്നുകൂടി വീണു. ഇനി അഞ്ചെണ്ണം മാത്രമേ ബാക്കിയുള്ളൂ." ജോൺസി പതുക്കെ പറഞ്ഞു.

"അഞ്ച്? എന്താണത്? നിന്റെ സ്യൂവിനോടു പറയൂ".

"ആ വള്ളിയിലെ ഇലകൾ. ഏറ്റവും അവസാനത്തെ ഇല വീഴുമ്പോൾ ഞാനും പോകും. മൂന്നുദിവസമായി എനിക്കതറിയാം. ഡോക്ടർ പറഞ്ഞില്ലേ?"

"ഓ, ഇങ്ങനെയൊന്നും പറയാതെ" സ്യൂ പരാതിപ്പെട്ടു. "ഇലകളും നീ സുഖം പ്രാപിക്കുന്നതും തമ്മിലെന്തു ബന്ധം? നീ ആ വള്ളിച്ചെടിയെ സ്നേഹിച്ചിരുന്നു. അതുകൊണ്ട്, വികൃതിപ്പെണ്ണേ, ഒരു മണ്ടി ആകരുത്. കാരണം, ഇന്നു രാവിലെ ഡോക്ടർ പറഞ്ഞത് വേഗം സുഖം പ്രാപിക്കാനുള്ള നിന്റെ സാധ്യത പത്തിലൊന്നാണെന്നാണ് ."

ജനാലയിൽക്കൂടി പുറത്തേക്കു നോക്കിക്കൊണ്ടു ജോൺസി പറഞ്ഞു. “അതാ ഒന്നുകൂടി പോയി, വേണ്ട, എനിക്കു സൂപ്പുവേണ്ട, ഇനി നാലെണ്ണം മാത്രമേ ബാക്കിയുള്ളൂ. ഇരുട്ടാകുന്നതിനു മുൻപ് അവസാനത്തേതും വീഴുന്നതെനിക്കു കാണണം. പിന്നെ ഞാനും പോകും.”

“ജോൺസീ, ഞാൻ ജോലി ചെയ്തു തീരുന്നതുവരെ നീ കണ്ണടച്ചു കിടക്കുമെന്നും ജനാലയിലൂടെ പുറത്തേക്കു നോക്കുകയില്ലെന്നും വാക്കുതരാമോ? ഈ ചിത്രങ്ങൾ നാളെ കൊടുക്കേണ്ടതാണ്. എനിക്ക് വെളിച്ചം വേണം, അല്ലെങ്കിൽ ഞാൻ കർട്ടൻ താഴ്ത്തുമായിരുന്നു.” കട്ടിലിനടുത്തു കുനിഞ്ഞു നിന്നുകൊണ്ട് സ്യൂ പറഞ്ഞു.

“നിനക്ക് മറ്റേ മുറിയിൽ ചെന്നുവരച്ചുകൂടേ?” ജോൺസി തണുപ്പൻ മട്ടിൽ ചോദിച്ചു.

“നിന്റെ കൂടെ ഇവിടെ നിൽക്കുന്നതാണെനിക്കിഷ്ടം. മാത്രമല്ല, നീ ആ നശിച്ച വള്ളിച്ചെടിയുടെ ഇലകളെ നോക്കിക്കൊണ്ടിരിക്കുന്നതെനിക്കിഷ്ടമല്ല” സ്യൂ പറഞ്ഞു.

“നീ വരച്ചു കഴിഞ്ഞയുടൻ എന്നോടു പറയണം.” ജോൺസി കണ്ണുകളടച്ച് പ്രതിമയെപ്പോലെ വിളറിയും ചലനമറ്റും കിടന്നു.“കാരണം, അവസാനത്തെ ഇല വീഴുന്നത് എനിക്കു കാണണം. കാത്തിരുന്നും ആലോചിച്ചും ഞാൻ മടുത്തു. എല്ലാറ്റിനോടുമുള്ള ബന്ധംവിട്ട് ആ പാവപ്പെട്ട, ക്ഷീണിച്ച ഇലകളിലൊന്നിനെപ്പോലെ എനിക്കു താഴോട്ട് പറന്നുപോകണം.”

“ഉറങ്ങാൻ ശ്രമിക്കൂ. എന്റെ വയസ്സൻ ഖനിത്തൊഴിലാളിയായി മോഡൽ ചെയ്യാൻ എനിക്കു ബെർമാനെ മുകളിലേക്കു വിളിക്കണം. ഞാൻ ഒരു മിനിട്ടിനകം വരാം. ഞാൻ വരുന്നതുവരെ അനങ്ങരുത് ” സ്യൂ പറഞ്ഞു.

അവരുടെ താഴത്തെ നിലയിൽ താമസിച്ചിരുന്ന ഒരു ചിത്രകാരനായിരുന്നു വയസ്സൻ ബെർമാൻ. അയാൾക്ക് അറുപതുവയസ്സു കഴിഞ്ഞിരുന്നു. ഒരു കുട്ടിപ്പിശാചിന്റെ ദേഹവും മനുഷ്യാകൃതിയും ആടിന്റെ ശരീരലക്ഷണങ്ങളും മൈക്കലാഞ്ജലോയുടെ മോസ്സസിന്റെ മാതിരി ചുരുണ്ട താടിമീശയുമൊക്കെയായി ഒരു വികൃതവൃദ്ധൻ. ചിത്രകലയിൽ ബെർമാൻ ഒരു പരാജയമായിരുന്നു. നാൽപ്പതുവർഷം ബ്രഷ് പിടിച്ചിട്ടും കലാദേവതയുടെ വസ്ത്രാഞ്ചലത്തിൽ തൊടാൻകൂടി അയാൾക്കു കഴിഞ്ഞിട്ടില്ല. എപ്പോഴും ഒരു മാസ്റ്റർപീസ് ചെയ്യാനുള്ള തയ്യാറെടുപ്പിലാണ്. പക്ഷേ, ഒരിക്കലും അതു തുടങ്ങിയില്ല. കുറേ വർഷങ്ങളായി വല്ലപ്പോഴുമൊരിക്കൽ ചെയ്യുന്ന പരസ്യചിത്രങ്ങളുടെ രചനയല്ലാതെ മറ്റൊന്നും അദ്ദേഹം

ചെയ്തിട്ടില്ല. ഒരു മോഡലിനു കൊടുക്കാൻവേണ്ട പണമില്ലാത്ത ആ കോളനിയിലെ യുവചിത്രകാരർക്ക് മോഡലായി പ്രവർത്തിച്ച് അയാൾ കുറേശ്ശെ പണമുണ്ടാക്കിയിരുന്നു. വളരെയധികം ജിൻ കഴിക്കുകയും വരാൻ പോകുന്ന തന്റെ മികച്ച രചനയെപ്പറ്റി സംസാരിക്കുകയും ചെയ്തിരുന്നു. ഇതിനുപുറമെ ആ വൃദ്ധൻ ഒരു തീക്ഷ്ണസ്വഭാവക്കാരനുമായിരുന്നു. മൃദുലഭാവം ആരിൽ കണ്ടാലും അയാൾ പരിഹസിച്ചിരുന്നു. കൂടാതെ മുകളിലത്തെ നിലയിലുള്ള ആ രണ്ടു യുവചിത്രകാരികളുടെ രക്ഷയ്ക്കായി കാവൽപ്പട്ടിയെപ്പോലെ കരുതലോടെയാണയാൾ കഴിഞ്ഞത്.

താഴത്തെ നിലയിലെ അയാളുടെ വെളിച്ചംകുറഞ്ഞ മുറിയിൽ സ്യൂ ചെന്ന് ബർമാനുമായി സംസാരിച്ചു. ഒരു മൂലയ്ക്ക്, ഇരുപത്തഞ്ചു വർഷമായിട്ട് അയാളുടെ മാസ്റ്റർപീസിന്റെ ആദ്യവര വീഴാനായി കാത്തിരിക്കുന്ന ഒരു ക്യാൻവാസ് പീഠത്തിനു മുകളിൽ വച്ചിരുന്നു. അവൾ അയാളോട് കൂട്ടുകാരിയുടെ അവസ്ഥയും വിശ്വാസവും വിവരിച്ചു. അവളുടെ ആശങ്ക പങ്കുവച്ചു.

ചുവന്ന കണ്ണുകൾ നിറഞ്ഞൊഴുകുന്നതിനിടയിൽ ഇത്തരം ബുദ്ധിഹീനമായ സങ്കല്പങ്ങളെക്കുറിച്ചുള്ള തന്റെ അവജ്ഞ ബെർമാൻ ഉച്ചത്തിൽ പ്രകടിപ്പിച്ചു.



"ഒരു നശിച്ച വള്ളിച്ചെടിയിൽനിന്ന് ഇലകൾ കൊഴിയുന്നുവെന്നു കരുതി മരിക്കാൻ തയ്യാറാകുന്നത്ര വിഡ്ഢിത്തമുള്ള ആളുകൾ ഈ ഭൂമിയിലുണ്ടോ? ഇനി ഞാൻ മോഡൽ ചെയ്യാൻ വരില്ല. ഇത്തരം കാര്യങ്ങൾ ചിന്തിക്കാൻകൂടി നീ അവളെ അനുവദിക്കരുതായിരുന്നു. ഓ, എന്റെ പാവം മിസ്സ് ജോൺസി."

"അവൾ തീർത്തും ക്ഷീണിതയും രോഗബാധിതയുമാണ്. പനിപിടിച്ച അവൾ വേണ്ടാത്തതൊക്കെ ചിന്തിക്കുന്നു. ശരി, മി. ബെർമാൻ, എനിക്കു മോഡലായി വരാൻ താൽപര്യമില്ലെങ്കിൽ വേണ്ട. പക്ഷേ, എനിക്കു തോന്നുന്നത് നിങ്ങളൊരു വെറിപിടിച്ചവനാണെന്നാണ് " സ്യൂ പറഞ്ഞു.

അവർ മുകളിലെത്തിയപ്പോൾ ജോൺസി ഉറങ്ങുകയായിരുന്നു. സ്യൂ ജനാലയുടെ കർട്ടൻ താഴ്ത്തിയിട്ട് ബെർമാനെ അടുത്ത മുറിയിലേക്ക് നയിച്ചു. അവിടെ നിന്നവർ ജനാലയിലൂടെ ഭീതിയോടെ ആ വള്ളിച്ചെടിയെ നോക്കി. പിന്നെ അവർ ഒന്നും സംസാരിക്കാതെ ഒരുനിമിഷം പരസ്പരം നോക്കി. മഴ പെയ്യുന്നുണ്ടായിരുന്നു. കമഴ്ത്തിവച്ച ഒരു കെറ്റിൽ പാറയാണെന്നു സങ്കല്പിച്ച് അതിന്മേൽ തന്റെ പഴകിയ നീലയുടുപ്പണിഞ്ഞ ഖനിത്തൊഴിലാളിയായ സന്യാസിയായി ബെർമാൻ ഇരുന്നു.

അടുത്തദിവസം രാവിലെ സ്യൂ ഒരുമണിക്കൂർ നീണ്ട ഉറക്കത്തിൽ നിന്നുണർന്നപ്പോൾ ജനാലക്കർട്ടനിലേക്കു നോക്കി ജോൺസി കിടക്കുന്നതു കണ്ടു.

"അതുയർത്തൂ. എനിക്കു കാണണം." ശാഠ്യം പിടിച്ച് വളരെ പതുക്കെ അവൾ പറഞ്ഞു. മടിച്ചുമടിച്ച് സ്യൂ അത് അനുസരിച്ചു.

പക്ഷേ, നോക്കൂ, ഇത്രയധികം മഴയും ഭയാനകമായ കാറ്റും രാത്രിമുഴുവൻ വീശിയടിച്ചിട്ടും ആ ഇഷ്ടികച്ചുമരിലെ വള്ളിച്ചെടിയിൽ ഒരു ഇല അവശേഷിക്കുന്നു. ആ ചെടിയിലെ അവസാനത്തേതായിരുന്നു അത്. തണ്ടിനോടടുത്ത് ഇപ്പോഴും കടുംപച്ചനിറമായിരുന്നുവെങ്കിലും അതിന്റെ പല്ലുപോലെയുള്ള അരികുകളിൽ പഴുപ്പുണ്ടെന്ന് തോന്നിക്കുന്ന വിധത്തിൽ മഞ്ഞനിറം വീണിരുന്നു; തറയിൽനിന്ന് ഏതാണ്ട് ഇരുപതടി ഉയരത്തിൽ അതു ധൈര്യമായി വള്ളിയിൽ തൂങ്ങിനിന്നു.

"അതവസാനത്തേതാണ്. അതു തീർച്ചയായും രാത്രിയിൽ വീണുപോയിട്ടുണ്ടാവുമെന്നു ഞാൻ വിചാരിച്ചു. കാറ്റിന്റെ ശബ്ദം ഞാൻ കേട്ടിരുന്നു. ഇന്നതു വീഴും. അതേസമയത്തു ഞാനും മരിക്കും" ജോൺസി പറഞ്ഞു.

രാവിലെ വെളിച്ചം വീണുതുടങ്ങിയപ്പോൾ തന്നെ ജോൺസി കർട്ടൻ ഉയർത്തണമെന്ന് വാശിപിടിച്ചു.

വള്ളിച്ചെടിയുടെ ഇല അവിടെത്തന്നെയുണ്ടായിരുന്നു. ജോൺസി അതു നോക്കി കുറേയധികം നേരം കിടന്നു.

“ഞാനൊരു ചീത്തക്കുട്ടിയായിരുന്നു. സ്യൂ, ഞാനത്ര ദുഷ്ടയാണെന്ന് കാണിക്കാനായി എന്തോ കാരണത്താൽ ആ ഇല അവിടെത്തന്നെ നിൽക്കുന്നു.മരിക്കണമെന്നാഗ്രഹിക്കുന്നത് പാപമാണ്. ഇനി എനിക്കല്പം സൂപ്പു തരൂ... എനിക്ക് മുഖം നോക്കാനൊരു ചെറിയ കണ്ണാടി തരൂ.. എന്റെ ചുറ്റും കുറേ തലയണകൾ വച്ചാൽ ഞാൻ എണീറ്റിരുന്ന് നീ പാചകം ചെയ്യുന്നത് നോക്കാം.” ജോൺസി പറഞ്ഞു.

ഒരുമണിക്കൂർ കഴിഞ്ഞപ്പോൾ അവൾ പറഞ്ഞു: “സ്യൂ, എന്നെങ്കിലും നേപ്പിൾസ് ഉൾക്കടൽ പെയിന്റു ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.”

ഉച്ചയ്ക്കുശേഷം ഡോക്ടർ വന്നു; അദ്ദേഹം പോകാനിറങ്ങുമ്പോൾ എന്തോ കാരണം പറഞ്ഞ് സ്യൂവും വരാന്തയിലേക്കിറങ്ങി.

സ്യൂവിന്റെ വിറയ്ക്കുന്ന മെലിഞ്ഞ കൈയിൽ പിടിച്ച് ഡോക്ടർ പറഞ്ഞു. “പകുതി സാധ്യതയുണ്ട്. നന്നായി ശുശ്രൂഷിച്ചാൽ നീ വിജയിക്കും. ഇനി എനിക്ക് താഴത്തെനിലയിൽ ഒരു രോഗിയെ കാണണം. ബെർമാനെന്നാണു പേര്- എന്തോ ഒരു കലാകാരനാണെന്നു തോന്നുന്നു. ന്യൂമോണിയയാണ്. വളരെ വയസ്സായി ക്ഷീണിച്ച ആളാണ്, അസുഖം വളരെ മൂർച്ഛിച്ചതും. ഒരു പ്രതീക്ഷയുമില്ല; ഇന്ന് ആസ്പത്രിയിലേക്ക് കൊണ്ടുപോവുകയാണ് ” ഡോക്ടർ പറഞ്ഞു.

അടുത്തദിവസം സ്യൂവിനോടു ഡോക്ടർ പറഞ്ഞു, “അവൾ അപകടനില തരണംചെയ്തു. നീ ജയിച്ചിരിക്കുന്നു. പോഷകാഹാരവും ശ്രദ്ധയും മതി ഇനി.”

അന്നുച്ചയ്ക്കു ശേഷം ജോൺസി സന്തോഷത്തോടെ കട്ടിലിൽ കിടന്ന് ഒരു കടുംനീലക്കമ്പിളി തുന്നിക്കൊണ്ടിരിക്കുമ്പോൾ സ്യൂ കിടക്കയ്ക്കരികിൽ ചെന്ന് ഒരു കൈകൊണ്ട് അവളെ തലയണയോട് ചേർത്തുപിടിച്ചു.

“എനിക്കു നിന്നോടൊരു കാര്യം പറയാനുണ്ട്, മി. ബെർമാൻ ഇന്ന് ആസ്പത്രിയിൽ വച്ച് ന്യൂമോണിയ പിടിച്ചുമരിച്ചു. രണ്ടു ദിവസമേ ആയിരുന്നുള്ളൂ അസുഖം തുടങ്ങിയിട്ട്. ആദ്യത്തെ ദിവസം രാവിലെ അസഹ്യമായ വേദനയോടെ തന്റെ മുറിയിൽ അദ്ദേഹം കിടക്കുന്നത്

കാവൽക്കാരൻ കണ്ടു. അദ്ദേഹത്തിന്റെ ഷൂസും വസ്ത്രങ്ങളും മഞ്ഞുകട്ടപോലെ തണുത്തിരുന്നു. ഇത്ര ഭീകരമായ ഒരു രാത്രിയിൽ അദ്ദേഹമെവിടെയായിരുന്നു എന്ന് അവർക്കു മനസ്സിലായില്ല. പെട്ടെന്നാണവർ കണ്ടത്. അപ്പോഴും കത്തിക്കൊണ്ടിരിക്കുന്ന ഒരു റാന്തൽവിളക്കും, സ്ഥാനത്തുനിന്നു വലിച്ചു മാറ്റപ്പെട്ട ഒരു ഏണിയും, ചിതറിക്കിടക്കുന്ന കുറേ ബ്രഷുകളും, പച്ചയും മഞ്ഞയും ചായങ്ങൾ കൂട്ടിക്കലർത്തിയ ഒരു ചായപ്പലകയും. പിന്നെ ജനാലയിൽക്കൂടി പുറത്തേക്കു നോക്കൂ മോളേ, ചുമരിലെ വള്ളിയിലെ അവസാനത്തെ ഇലയിലേക്ക്. കാറ്റടിക്കുമ്പോൾ അത് ആടുകയും അനങ്ങുകയും ചെയ്യാത്തതെന്താണെന്നു നിനക്കു മനസ്സിലായില്ലേ? പ്രിയേ, അതാണ് ബെർമാന്റെ മാസ്റ്റർപീസ്- അവസാനത്തെ ഇല കൊഴിഞ്ഞ രാത്രിയിൽ അദ്ദേഹം ഇവിടെ മറ്റൊരു ഇല പെയിന്റുചെയ്തു."

ഒ. ഹെൻറിയുടെ കഥകൾ
[ഒ. ഹെൻറി]

## കണ്ടെത്താം, എഴുതാം

- ന്യുമോണിയയ്ക്ക് മനുഷ്യനുമായി എന്തെല്ലാം സാമ്യങ്ങളാണ് കഥയിലുള്ളത്?
- ബെർമാന് ജോൺസിയോടുള്ള സ്നേഹം വെളിവാക്കുന്ന സന്ദർഭം കണ്ടെത്തുക.
- "കാര്യം തിരക്കിക്കൊണ്ട് സ്യൂ ജനാലയിലൂടെ പുറത്തേക്ക് നോക്കി" - സ്യൂ ജനാലയിലൂടെ കണ്ട കാഴ്ചകൾ എന്തെല്ലാം?

## ഭാവാത്മകവായന

കഥ വായിച്ച് ആശയം കണ്ടെത്തിയല്ലോ. ഭാവം ഉൾക്കൊണ്ട് ക്ലാസിൽ വായിച്ചവതരിപ്പിക്കുക.

## അഭിപ്രായം കുറിക്കാം

വള്ളിച്ചെടിയും ന്യുമോണിയയും കഥയിലെ രണ്ടുകഥാപാത്രങ്ങളാണ്. കഥയിൽ ഈ കഥാപാത്രങ്ങളുടെ പ്രസക്തി എന്തെന്ന് വിവരിക്കുക.

## അർഥവ്യത്യാസം കണ്ടെത്താം

"പാവപ്പെട്ട, ക്ഷീണിച്ച ഇലകളിൽ ഒന്നിനെപ്പോലെ എല്ലാറ്റിനോടും ഉള്ള ബന്ധം വിട്ട് എനിക്ക് താഴേക്ക് പറന്നുപോകണം". ജോൺസി പറഞ്ഞു. ഈ കണക്കിന് ആ ഇല നിന്നെ താഴേക്ക് പറത്തിവിടും. സ്യൂ വിഷാദം കൊണ്ടു.

ഇവിടെ 'പറന്നുപോകണം', 'പറത്തിവിടണം' എന്നീ പദങ്ങൾ നൽകുന്ന അർഥവ്യത്യാസം വിശദീകരിക്കുക. ഇത്തരത്തിലുള്ള കൂടുതൽ പദങ്ങൾ കണ്ടെത്തുക.

## കഥാപാത്രനിരൂപണം തയ്യാറാക്കുക

'അവസാനത്തെ ഇല' എന്ന കഥയിലെ ബെർമാൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

സൂചനകൾ

- ഒരു വിരൂപനായ വൃദ്ധൻ
- ഉപജീവനത്തിനായി മോഡലായി പ്രവർത്തിക്കുന്നു.
- തന്റെ മാസ്റ്റർപീസ് ഒരുനാൾ രചിക്കുമെന്ന് പറയുകയും ഒരു വരപോലും ഉണ്ടാക്കാതിരിക്കുകയും ചെയ്യുക.
- തന്റെ ജീവൻ രോഗത്താൽ നഷ്ടപ്പെടുമെന്നറിഞ്ഞുകൊണ്ട് ജോൺസിയെ രക്ഷിക്കാൻ രാത്രിമുഴുവൻ മഞ്ഞിൽ കുതിർന്ന് ഇലയുടെ ചിത്രം വരച്ചുചേർത്തു.

## തലക്കെട്ടിന്റെ ഔചിത്യം കണ്ടെത്തുക.

ഒ. ഹെൻറിയുടെ 'അവസാനത്തെ ഇല' എന്ന കഥയുടെ തലക്കെട്ടിന്റെ ഔചിത്യം കണ്ടെത്തുക. കഥയ്ക്ക് മറ്റൊരു പേര് നിർദേശിക്കാമോ?

## ആസ്വാദനം തയ്യാറാക്കുക

- ആളുകൾ ഇങ്ങനെ ശവസംസ്കാരച്ചടങ്ങ് നടത്തുന്നവന്റെ കൂടെ മനസ്സുകൊണ്ട് ചേരുന്നത് വൈദ്യശാസ്ത്രരംഗത്തെ ബാലിശമായി കാണിക്കുന്നു.
- "ഒരു നശിച്ച വള്ളിച്ചെടിയിൽനിന്ന് ഇലകൾ കൊഴിയുന്നുവെന്നു കരുതി മരിക്കാൻ തയ്യാറാകുന്നത്ര വിഡ്ഢിത്തമുള്ള ആളുകൾ ഈ ഭൂമിയിലുണ്ടോ?"
- പ്രിയേ, അതാണ് ബെർമാന്റെ മാസ്റ്റർപീസ് - അവസാനത്തെ ഇല കൊഴിഞ്ഞ രാത്രിയിൽ അദ്ദേഹം ഇവിടെ മറ്റൊരു ഇല പെയിന്റ്ചെയ്തു.

സൂചനകളും മറ്റു കഥാസന്ദർഭങ്ങളും പരിഗണിച്ച് ആസ്വാദനം തയ്യാറാക്കുക.

## പദപരിചയം

| | | |
|---|---|---|
| അഗതികൾ | - | ആശ്രയമില്ലാത്തവർ, ആരുമില്ലാത്തവർ, പോകാനിടമില്ലാത്തവർ |
| അജ്ഞാതൻ | - | അറിയപ്പെടാത്തവൻ |
| അഞ്ജലി | - | തൊഴുകൈ |
| അത്തൽ | - | ദുഃഖം, അല്ലൽ, വ്യസനം (പ്ര) |
| അദൃശ്യൻ | - | കാഴ്ചയിൽ ഇല്ലാത്തവൻ, മറ്റുള്ളവർക്ക് കാണാനാവാത്തവൻ |
| അനുഷ്ഠാനം | - | മതകർമ്മങ്ങൾ, മറ്റൊന്നിനെ അനുസരിച്ചുള്ള പ്രവർത്തനം |
| അപായം | - | ആപത്ത്, അപകടം |
| അഭാവം | - | ഇല്ലാതിരിക്കൽ |
| അവജ്ഞ | - | വെറുപ്പ്, നിന്ദ, മതിപ്പുകുറവ് |
| അവലക്ഷണം | - | ലക്ഷണം ഇല്ലാത്തത് |
| അസഹ്യം | - | സഹിക്കാൻ കഴിയാത്തത് |
| അസംഖ്യം | - | എണ്ണമറ്റ, നിരവധിയായ |
| അർപ്പിക്ക | - | ആദരപൂർവം കൊടുക്കുക |
| ആത്മഗതം | - | മനസ്സിൽപറയുന്നത് |
| ആത്മരക്ഷാർഥം | - | സ്വന്തം രക്ഷയ്ക്കുവേണ്ടി |
| ആലേഖ്യം | - | ചിത്രം, ചിത്രരചന |
| ആവരണം | - | മറ, മൂടി |
| ആശാൻ | - | ഗുരു, ആചാര്യൻ, കളരിപ്രമാണി |
| ഇടതടവ് | - | ഇടയ്ക്കുള്ള പ്രതിബന്ധം |
| ഇരമ്പൽ | - | മുഴക്കം, തുടർച്ചയായുള്ള വലിയ ശബ്ദം |
| ഇറമ്പ് | - | അരിക് |
| ഉടുപുടവ | - | ഉടുക്കുന്ന വസ്ത്രം |
| ഉത്തമം | - | ശ്രേഷ്ഠം |
| ഉർവി | - | ഭൂമി, ധര, ധരിത്രി (പ്ര) |
| ഐകമത്യം | - | അഭിപ്രായത്തിലുള്ള യോജിപ്പ് |
| ഓല് | - | അവർ |

| | | |
|---|---|---|
| ഓള് | - | അവൾ |
| കണ്ണാടിക്കുട്ട | - | വിടവുകളുള്ള ചൂരൽക്കുട്ട, തേങ്ങാക്കുട്ട |
| കതിരോൻ | - | സൂര്യൻ, ആദിത്യൻ, ദിവാകരൻ (പ്ര) |
| കയം | - | വളരെ ആഴത്തിൽ വെള്ളമുള്ള സ്ഥലം |
| കയ്യോന്നി | - | ദശപുഷ്പത്തിലൊന്ന് |
| കരകേറ്റുക | - | രക്ഷപ്പെടുത്തുക |
| കാഞ്ഞിരവള്ളി | - | ഒട്ടും നാരില്ലാത്ത ഒരിനം കാച്ചിലിന്റെ വള്ളി, കാഞ്ഞിരത്തിന്റെ ഇലയോട് സാമ്യമുള്ളതിനാലായിരിക്കാം ഈ പേര് വന്നത് |
| കിനാവ് | - | സ്വപ്നം |
| കുന്തളം | - | മുടി |
| കുന്തളബന്ധം | - | മുടിക്കെട്ട് |
| കൂര | - | ചായ്ച്ചുകെട്ടിയ ചെറിയ വീട്, ഒരു തരം നെല്ല് |
| കൃശഗാത്ര | - | മെലിഞ്ഞ ശരീരമുള്ളവൾ |
| കൈവിളക്ക് | - | വഴികാട്ടുന്ന, കൈയിൽ കൊണ്ടു നടക്കാവുന്ന വിളക്ക് |
| കൊപ്ളിമീൻ | - | ഒരിനം മത്സ്യം |
| കോവണി | - | ചവിട്ടുപടി |
| ക്ഷുഭിതൻ | - | കോപിച്ചവൻ |
| ഖനി | - | സ്വർണ്ണം, ഇരുമ്പ്, രത്നം, കൽക്കരി മുതലായവ കുഴിച്ചെടുക്കുന്ന സ്ഥലം |
| ഖ്യാതി | - | പ്രസിദ്ധി, കീർത്തി |
| ഗാത്രം | - | ശരീരം |
| ഗ്രാമശ്രീ | - | ഗ്രാമത്തിന്റെ ഐശ്വര്യം |
| ഗ്രീഷ്മം | - | വേനൽക്കാലം |
| ചപ്പ് | - | കരിയില |
| ചാക്രികത | - | ചക്രം കറങ്ങുന്നതുപോലെ ആവർത്തിക്കുന്നത്, വിതയ്ക്കുക, കൊയ്യുക എന്ന ആവർത്തനം |
| ചാതുര്യം | - | സാമർഥ്യം |
| ചെന്നി | - | ചെവിയുടെ മുകൾ ഭാഗം |
| ചെമ്മേലും | - | ഭംഗിയുള്ള |
| ചെരുതി | - | തിരുകി |
| ജിജ്ഞാസ | - | അറിയാനുള്ള ആഗ്രഹം |

പദപരിചയം

| | | |
|---|---|---|
| ജീവിതൗഷധം | - | ജീവിതത്തിന്റെ മരുന്ന് |
| തനിമ | - | തനതായുള്ളത് |
| താമരത്താർ | - | താമരപ്പൂവ് |
| താര | - | വഴി, ചവിട്ടിയ പാട് |
| താര് | - | പൂവ്, പുഷ്പം, സൂനം (പ) |
| തിടുക്കം | - | വേഗം, വെമ്പൽ |
| തീക്ഷ്ണം | - | കടുപ്പമുള്ളത്, ഉഗ്രമായത് |
| തെർമോമീറ്റർ | - | താപനില അളക്കുന്ന ഉപകരണം |
| തൊട്ടി | - | വെള്ളം കോരാനും ശേഖരിച്ചുവയ്ക്കാനും ഉപയോഗിക്കുന്ന പാത്രം |
| ദിഗന്തം | - | ദിക്കിന്റെ അവസാനം, എല്ലാ ദിക്കുകളും |
| നർത്തനം | - | നൃത്തം |
| നിർവൃതി | - | ആനന്ദം |
| നിസ്സഹായത | - | സഹായമില്ലാത്ത സ്ഥിതി |
| നീരാളം | - | പൊൻകമ്പികൊണ്ടോ വെള്ളിക്കമ്പി കൊണ്ടോ നെയ്ത വസ്ത്രം |
| നുകം | - | ഉഴാനായി കാളകളുടെ കഴുത്തിൽ വച്ചുകെട്ടുന്ന ഉപകരണം |
| പരദേശി | - | അന്യദേശത്തുള്ളയാൾ |
| പള്ള | - | വയറ് |
| പഴമൊഴി | - | വളരെ പഴക്കമുള്ള ചൊല്ല് |
| പാനശീലം | - | വെള്ള കുടിക്കുക എന്ന ശീലം |
| പാന്തോൻകുടുക്ക് | - | തെങ്ങോലമടലിന്റെ മധ്യത്തിൽനിന്ന് ചീന്തിയെടുക്കുന്ന കട്ടിയുള്ള തൊലികൊണ്ടുണ്ടാക്കുന്ന കുരുക്ക് (വഴുകക്കുരുക്ക്, പാന്തകക്കുരുക്ക്) |
| പാഴ്ച്ചുളിത്താര | - | പാഴ്ച്ചുളി നിറഞ്ഞ വഴി |
| പുണരുക | - | കെട്ടിപ്പിടിക്കുക |
| പെരുമ | - | മഹത്വം |
| പെരുമ്പറ | - | ഒരു വീരവാദ്യം (യുദ്ധത്തിലും മറ്റും ഉപയോഗിക്കുന്നത് |
| പൊക്കിള | - | കുമിള |
| പൊന്ത | - | കുറ്റിക്കാട്, പുല്ലുപിടിച്ച സ്ഥലം |
| പ്രാചീനം | - | പണ്ടേയുള്ളത് |
| ബുദ്ധിഹീനം | - | ബുദ്ധിയില്ലാത്ത |

| | | |
|---|---|---|
| ബേജാറ് | - | അങ്കലാപ്പ്, കുഴപ്പം, വേവലാതി |
| ഭക്തിപൂർവം | - | ഭക്തിയോടെ |
| ഭർത്സിക്കുക | - | ശകാരിക്കുക, ശാസിക്കുക |
| ഭീതി | - | പേടി, ഭയം |
| മഞ്ജുളം | - | മനോഹരം |
| മന്ദം | - | പതുക്കെ, ശാന്തമായി |
| മല്ലിടുക | - | പോരടിക്കുക |
| മൽക്കരം | - | എന്റെ കൈ |
| മറിമായം | - | ഇന്ദ്രജാലം, മായാജാലം |
| മാടി | - | മാളം |
| മാടം | - | കാവൽപ്പുര, ചെറിയ വീട് |
| മാസ്റ്റർപീസ് | - | ഒരാളുടെ സൃഷ്ടികളിൽ ഏറ്റവും മികച്ചത് |
| മാളം | - | പാമ്പും മറ്റും ഇരിക്കുന്ന മട |
| മാറ് | - | രണ്ടുകൈയും മാറും ചേർന്ന അളവ് |
| മുകിൽ | - | മേഘം |
| മുഷ്ടി | - | ചുരുട്ടിപ്പിടിച്ച കൈപ്പടം |
| മൂർച്ഛിക്കുക | - | വർധിക്കുക, ബോധം കെടുക |
| മൃദുലഭാവം | - | മാർദവമുള്ള ഭാവം |
| മെർക്കുറി | - | ദ്രാവകാവസ്ഥയിലുള്ള ഒരു മൂലകം, രസം |
| മേലാക്കം | - | മേലോട്ട് |
| മൊഴി | - | വാക്ക്, ചൊല്ല് |
| ലത | - | വള്ളി |
| വയി | - | വഴി |
| വരമ്പിൻകൊതുമ്പ് | - | വരമ്പിന്റെ വക്ക് |
| വസ്ത്രാഞ്ചലം | - | വസ്ത്രത്തിന്റെ അറ്റം |
| വികൃതം | - | വിരൂപം |
| വിണ്ണ് | - | ആകാശം |
| വിദഗ്ധൻ | - | സാമർഥ്യമുള്ള ആൾ, പ്രത്യേകമായ ജ്ഞാനം സമ്പാദിച്ചയാൾ |
| വിനിമയം | - | കൈമാറ്റം |
| വിശ്വം | - | ലോകം, പൂർണ്ണമായ |
| വിളറുക | - | വിവർണ്ണമാകുക, രക്തപ്രസാദം കുറയുക |

| | | |
|---|---|---|
| വിളിപ്പാട് | - | വിളിച്ചാൽ കേൾക്കുന്ന ദൂരം |
| വീഥി | - | വഴി, തെരുവ് |
| വീരാപദാനങ്ങൾ | - | വീരകഥകൾ |
| വെന്നു | - | ജയിച്ചു |
| വെറി | - | കോപം, കലഹം, ചൂട്, വെയിൽ |
| വേവ് | - | ചുട്ടുനീറുന്ന മനോവേദന, അഗ്നി കൊണ്ടുണ്ടാകുന്ന പാകം |
| വൈഭവം | - | ശക്തി, സാമർഥ്യം, മാഹാത്മ്യം |
| വ്യാക്ഷേപകം | - | ഭാവങ്ങൾ പ്രകടിപ്പിക്കുമ്പോൾ ഉപയോഗിക്കുന്ന ശബ്ദ വിശേഷങ്ങൾ (ഉദാ: ഉം, ഉവ്വ്, അയ്യോ, ഓ, ഹാ) |
| ശരം | - | അമ്പ്, അസ്ത്രം |
| ശാഠ്യം | - | പിടിവാശി |
| ശിരസ്സ് | - | തല |
| ശുഭം | - | സൗഖ്യം, ക്ഷേമം, നന്മ |
| ശുശ്രൂഷ | - | പരിചരണം |
| ശ്രീ | - | ഐശ്വര്യം |
| സധൈര്യം | - | ധൈര്യത്തോടെ |
| സഫലം | - | ഫലമുള്ളത് |
| സമൃദ്ധി | - | ഐശ്വര്യം, വർധന |
| സർഗവ്യാപാരം | - | സർഗപ്രവൃത്തി |
| സുന്ദരാലേഖ്യം | - | സുന്ദരമായ ചിത്രം, സ്പഷ്ടം |
| സംഘം | - | കൂട്ടം |
| സംഭ്രാന്തി | - | പരിഭ്രമം, ഇളക്കം |
| ഹൈബ്രിഡ് വിത്ത് | - | കാർഷികഗവേഷണങ്ങളിലൂടെ തയ്യാറാക്കിയ അത്യുൽപാദനശേഷിയുള്ള സങ്കരവിത്ത് |
| റാന്തൽ വിളക്ക് | - | പഴയകാലത്ത് രാത്രികാലങ്ങളിൽ വെളിച്ചത്തിനു വേണ്ടി ഉപയോഗിച്ചിരുന്ന ഒരു തരം വിളക്ക് |

പദപരിചയത്തിലെ ചുരുക്കെഴുത്തിന്റെ പൂർണ്ണരൂപം.

 പ. - പര്യായപദം

# കുറിപ്പുകൾ

# കുറിപ്പുകൾ

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***